# കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

കണിയാമ്പറ്റ ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2016-17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

വയനാട് ജില്ലാ ഓഡിറ്റ് കാര്യാലയം

e-mail:dowyd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ ചീട്ടു സഹിതം)

നം.കെ.എസ്.എ.(ഡബ്ല്യൂ.വൈ.ഡി)പി.2/368/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം,

വയനാട്, കൽപ്പറ്റ

ഫോൺ: 04936-203672

തീയതി.24.07.2014

Email-dowyd.ksad@kerala.gov.in

ഡെപ്യൂട്ടി ഡയറക്ടർ

വയനാട് ജില്ല

പ്രസിഡണ്ട് ( സെക്രട്ടറി മുഖേന )

കണിയാമ്പറ്റ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കണിയാമ്പറ്റ ഗ്രാമപഞ്ചായത്ത് - 2016-17സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

******

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കണിയാമ്പറ്റ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാ ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 3 ലെ 3-8, 3-9, 3-10 എന്നീ ഖണ്ഡികയിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1) കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.(ഡബ്ല്യൂ.വൈ.ഡി)പി.2/368/2017

തിയ്യതി:24.07.2017

വയനാട് ജില്ലയിലെ കണിയാമ്പറ്റ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

വയനാട് ജില്ലയിലെ കണിയാമ്പറ്റ ഗ്രാമപഞ്ചായത്തിന്റെ 2016-17സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. 01.04.2016 മുതൽ 31.03.17 വരെയുമുള്ള വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയുംപരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 38 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥൻ | ശ്രീ.പി.ബി.സുരേന്ദ്രൻ<br>സീനിയർ ഡെപ്യൂട്ടി ഡയറക്ടർ |

| | | |
|---|---|---|
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 13.06.2017 മുതൽ 23.06.2017 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീഅഗസ്റ്റ്യൻ ഒ.കെ.<br>ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേഡ്) |
| | ശ്രീ.ഷാജി പി, സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ ജയൻ.പി, ഓഡിറ്റർ |
| | ശ്രീമതി.ടിജി വർഗ്ഗീസ്, ഓഡിറ്റർ |

(ബി) നിർവഹണ അധികാരികൾ

| | | |
|---|---|---|
| ശ്രീ.കടവൻ ഹംസ | പ്രസിഡണ്ട് | 01.04.2016 മുതൽ 31.03.2017 വരെ |
| ശ്രീമതി.ഷീല രാംദാസ് | വൈസ് പ്രസിഡണ്ട് | 01.04.2016 മുതൽ 31.03.2017 വരെ |
| ശ്രീമതി.ശകുന്തള സജീവൻ | ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി | 01.04.2016 മുതൽ 31.03.2017 വരെ |
| ശ്രീ.കെ.എം.ഫൈസൽ | വികസന കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി | 01.04.2016 മുതൽ 31.03.2017 വരെ |
| ശ്രീ.ഇബ്രാഹിം കേളോത്ത് | ആരോഗ്യം,വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി | 01.04.2016 മുതൽ 31.03.2017 വരെ |

(സി) നിർവഹണ ഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | കാലയളവ് |
|---|---|---|

| | | |
|---|---|---|
| ശ്രീ.പി.ഇബ്രാഹിം | സെക്രട്ടറി | 01.04.2016 മുതൽ 31.03.2017 വരെ |
| ശ്രീമതി.മിനി.കെ.എ | അസി.സെക്രട്ടറി | 01.04.2016 മുതൽ 28.02.2017 വരെ |
| ശ്രീ.സുനിൽ ജേക്കബ് | കൃഷി ഓഫീസർ | 01.04.2016 മുതൽ 31.03.2017 വരെ |
| ഡോ.പ്രഭാകരൻ പിള്ള | വെറ്ററിനറി സർജൻ | 01.04.2016 മുതൽ 31.03.2017 വരെ |
| ശ്രീമതി.പ്രജീന.കെ.കെ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01.04.2016 മുതൽ 31.03.2017 വരെ |
| ഡോ.എ.ബി.സന്തോഷ് | മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) | 01.04.2016 മുതൽ 31.03.2017 വരെ |

| | | |
|---|---|---|
| | | |
| ഡോ.ജിഷ | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01.04.2016 മുതൽ 31.03.2017 വരെ |
| ഡോ.ഉസ്മാൻ | മെഡിക്കൽ ഓഫീസർ ആയുർവ്വേദം | 01.04.2016 മുതൽ 31.03.2017 വരെ |
| ശ്രീ.പൗലോസ് | ഹെഡ് മാസ്റ്റർ | 01.04.2016 മുതൽ 31.03.2017 വരെ |
| ശ്രീ.പ്രശാന്ത്.എൻ.എസ് | അസി.എഞ്ചിനീയർ | 01.04.2016 മുതൽ 31.03.2017 വരെ |
| ശ്രീ.റഹീം ഫൈസൽ | വി.ഇ.ഒ | 01.04.2016 മുതൽ 31.03.2017 വരെ |
| ശ്രീ.പോൾ ജോസഫ് | വി.ഇ.ഒ | 01.04.2016 മുതൽ 31.03.2017 വരെ |

ഉള്ളടക്കം


| ക്രമ നം. | ഭാഗം 1<br>പൊതു അവലോകനം | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| 1 | ബജറ്റ് | 1-1 | |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 | |
| 3 | സാമ്പത്തിക വിശകലനം | 1-3 | |
| 4 | ഫണ്ട് വിനിയോഗം | 1-4 | |
| 5 | പദ്ധതി അവലോകനം. | 1-5 | |
| 6 | തനത് വരുമാനം. | 1-6 | |
| 7 | ക്യാഷ് വെരിഫിക്കേഷൻ | 1-7 | |
| 8 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-8 | |

| | | | |
|---|---|---|---|
| | ഭാഗം 2-വരവുകണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | |
| 9 | കമ്പളക്കാട് ബസ്സ് സ്റ്റാന്റ്-കം-വെയിറ്റിംഗ് ഷെഡ്ഡ് -വാടക ലഭ്യമാകാത്തത്- സംബന്ധിച്ച് | 2-1 | |
| | ഭാഗം 3<br>ചെലവ് കണക്കുകളിൻമേലുള്ള നിരീക്ഷണങ്ങൾ | | |
| 10 | പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ യൂണിഫോം സ്റ്റിച്ചിംഗ് ചാർജ്ജ് നല്കി-51980 രൂപ നിരാകരിക്കുന്നു. | 3-1 | |
| 11 | കന്നുകുട്ടി പരിപാലന പദ്ധതി-പദ്ധതി മാർഗ്ഗരേഖയ്ക്ക് അനുസൃതമല്ലാതെ ഗുണഭോക്താക്കളെ തിരഞ്ഞെടുത്തു. | 3-2 | |
| 12 | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) രേഖകൾ കൃത്യമായി സൂക്ഷിക്കുകയോ ഓഡിറ്റിന് ഹാജരാക്കുകയോ ചെയ്തില്ല. | 3-3 | |

| | | | |
|---|---|---|---|
| | | | |
| 13 | ഐ.സി.ഡി.എസ്. സൂപ്പർവൈസർ നടപ്പിലാക്കിയ പദ്ധതികളുടെ നടത്തിപ്പിലെ അപാകതകൾ | 3-4 | |
| 14 | ഗവ:ഹോമിയോ ഡിസ്പെൻസറിയിലേക്കുള്ള മരുന്ന് വാങ്ങുന്നതിന് പണം നൽകി - ആറുമാസത്തിലധികമായിട്ടും മരുന്ന് ലഭ്യമായില്ല. | 3-5 | |
| 15 | തൊഴിൽ പരിശീലന കേന്ദ്രങ്ങൾക്ക് ഫർണ്ണീച്ചർ വാങ്ങിയത് സംബന്ധിച്ച് | 3-6 | |
| 16 | സമ്പൂർണ്ണ ശുചിത്വ യജ്ഞം പദ്ധതി പ്രകാരം തുക ലഭിച്ചവർക്കും ഒ.ഡി.എഫ് പദ്ധതി വഴി ആനുകൂല്യം നൽകി. | 3-7 | |
| 17 | ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും 2016-17വർഷം ആദായനികുതി ഈടാക്കിയതിൽ കുറവ്. | 3-8 | |

| | | | |
|---|---|---|---|
| 18 | റോഡ് മെയിൻറനൻസ്ഗ്രാന്റ് മറ്റ്ആവശ്യങ്ങൾക്കായി വിനിയോഗിക്കുന്നു. | 3-9 | |
| 19 | എസ്റ്റിമേറ്റിൽ നിന്നും വ്യതിചലിച്ച് പ്രവർത്തികൾ നടത്തുന്നു- അധിക ചെലവ് സംബന്ധിച്ച് | 3-10 | |
| 20 | ഇ-ടെണ്ടർവർക്കുകൾ-തുകഅനുവദിച്ചതിലെ അപാകതകൾ | 3-11 | |
| | ഭാഗം 4<br>പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | | |
| 21 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 | |
| 22 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 | |
| 23 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 | |

| | | | |
|---|---|---|---|
| 24 | വായ്പ /വായ്പ തിരിച്ചടവ് | 4-4 | |
| 25 | സ്ഥിരനിക്ഷേപങ്ങൾ | 4-5 | |
| 26 | ഓഡിറ്റ് റിക്കവറി | 4-6 | |
| 27 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 | |
| 28 | ഓഡിറ്റ് പ്രത്യവലോകനം | 4-8 | |
| 29 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 | |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്.

2016-17 ലെ ബഡ്ജറ്റ് പഞ്ചായത്ത് തീരുമാന നമ്പർ 42/2016 തീയതി 04.03.2016 പ്രകാരം അംഗീകരിച്ചു.പുതുക്കിയ ബജറ്റ് 17.03.2017 ന് 8/2017(1) തീരുമാനം പ്രകാരം പുതുക്കി. ബജറ്റ് സിംഗിൾ എൻട്രി സമ്പ്രദായത്തിലും വാർഷിക ധനകാര്യപത്രിക അക്രൂവൽ അടിസ്ഥാനത്തിൽ ഡബിൾ എന്ട്രി സമ്പ്രദായത്തിലും തയ്യാറാക്കിയിട്ടുള്ളതിനാൽ ഇവ തമ്മിൽ താരതമ്യം ചെയ്യാൻ ഓഡിറ്റിന് കഴിഞ്ഞിട്ടില്ല.

## 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|

| | | | |
|---|---|---|---|
| 31.7.17 | 13.06.2017 | - | - |

ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധം 1 ആയി ചേർത്തിട്ടുണ്ട്.

## 1-3 സാമ്പത്തിക വിശകലനം.

| | |
|---|---|
| മുന്നിരിപ്പ് | 6753427 |
| വരവ് | 114469731 |
| ആകെ | 121223158 |
| ചെലവ് | 103204866 |
| നീക്കിയിരിപ്പ് | 18018292 |

## 1-4 ഫണ്ട് വിനിയോഗം

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കി യിരിപ്പ് |
|---|---|---|---|---|---|
| പ്ലാൻ ജനറൽ (വികസന ഫണ്ട്, സി.എഫ്.സി, ലോകബാങ്ക് വിഹിതം) | 0 | 15027902 | 15027902 | 15027902 | 0 |
| പ്ലാൻ. എസ്.സി.പി | 0 | 1509771 | 1509771 | 1509771 | 0 |
| പ്ലാൻ. ടി.എസ്.പി | 0 | 16043079 | 16043079 | 16043079 | 0 |
| എം.ജി. നോൺ റോഡ് | 0 | 3986298 | 3986298 | 3986298 | 0 |
| എം.ജി. റോഡ് | 0 | 5442066 | 5442066 | 5442066 | 0 |
| ജനറൽ പർപ്പസ് | 1496510 | 9899700 | 11396210 | 11278363 | 117487 |
| ബി. ഫണ്ട്. | 0 | 2471000 | 2471000 | 2471000 | 0 |

## 1-5 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 239 | 56002321 | 171 | 48206275 | 0 | 68 | 71.54 |

# 1-6 തനത് വരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 24,160,716/- രൂപയുടെ വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 7141919 | 9066366 | 1924447 | +26.95 |
| നികുതിയേതര വരവുകൾ | 562151 | 745364 | 183213 | +32.59 |
| മറ്റ് വരവുകൾ | 1005723 | 822940 | (-)182783 | -18.17 |
| ആകെ | 8709793 | 10634670 | 1924877 | +22.1 |

# 1-7 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 24.06.2017 ന് കാലത്ത് 10.00 മണിക്ക് സ്ഥാപന തലവന്റെ/ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 51,154/-രൂപ(അൻമ്പത്തിയൊന്നായിരത്തി ഒരുനൂറ്റിഅൻമ്പത്തിനാല് രൂപാ മാത്രം) ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു

# 1-8 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 11.05.2017 മുതൽ 13.05.2017 വരെ | 01.10.2016 മുതൽ 31.03.2017 വരെ | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 21.12.2015 | 2010-11 മുതൽ 2014-15 വരെ | 29.01.2016 |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 കമ്പളക്കാട് ബസ്സ് സ്റ്റാന്റ് കം വെയിറ്റിംഗ് ഷെഡ്ഡ് -വാടക ലഭ്യമാകാത്തത്- സംബന്ധിച്ച്

ഗ്രാമപഞ്ചായത്തിന് കമ്പളക്കാടുള്ള ഷോപ്പിംഗ് കോംപ്ലക്സ് കം ബസ്സ് സ്റ്റാന്റ് കെട്ടിടത്തിലെ മുറികളിൽ പ്രവർത്തിക്കുന്ന കെ.എസ്.ഇ.ബി, മാവേലി സ്റ്റോർ എന്നീ കെട്ടിടങ്ങളിൽ നിന്നും നാളിതുവരെ വാടക ലഭിക്കാത്തത് സംബന്ധിച്ച് 2015-16 വർഷത്തിൽ ഓഡിറ്റ് എൻക്വയറി നം. 21/15-16/30-12-16 ന് മറുപടിയായി ലാന്റ് വാല്യൂ സർട്ടിഫിക്കറ്റ് ലഭിക്കുന്നതിൽ വന്ന കാല താമസം മൂലം പൊതുമരാമത്ത് വകുപ്പിന് വാടക നിശ്ചയിക്കാൻ സാധിക്കാത്തതു മൂലമാണ് വാടക പിരിക്കാത്തത് എന്നറിയിച്ചിരുന്നു.ഇക്കാര്യത്തിൽ നിലവിലെ സ്ഥിതി ആരാഞ്ഞുകൊണ്ട് ഓഡിറ്റ് എൻക്വയറി നം.04/16-17/17.06.2017 ന് മറുപടിയായി വൈത്തിരി തഹസിൽദാറിൽ നിന്നും 5.11.16 തിയ്യതിയിലെ എ.3/3727/16 നം.കത്ത് പ്രകാരം ലാന്റ് വാല്യൂ സർട്ടിഫിക്കറ്റ് ലഭിച്ചിട്ടുണ്ടെന്നും ആയത് പ്രകാരം കെട്ടിട വാടക നിശ്ചയിക്കുന്നതിന്

പൊതുമരാമത്ത് എക്സിക്യൂട്ടീവ് എൻജിനീയർക്ക് കത്ത് നൽകിയിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. നാളിതുവരെയായുള്ള കുടിശ്ശിക തിരികെ പിടിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ യൂണിഫോം സ്റ്റിച്ചിംഗ് ചാർജ്ജ് നല്കി-51980 രൂപ നിരാകരിക്കുന്നു.

1)

| | |
|---|---|
| പ്രോജക്ട് നം.179/16-17 | പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ യൂണിഫോം സ്റ്റിച്ചിംഗ് ചാർജ്ജ് നല്കൽ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ് മാസ്റ്റർ<br>ഗവൺമെന്റ് എൽ.പി സ്കൂൾ |
| അടങ്കൽ | 3,00,000/-(ടി.എസ്.പി) |
| ബിൽനം | 1)04/16-17 -2,48,020/- തിയ്യതി 23.01.17<br>2) 08/16-17 -51,980/- തിയ്യതി 13.03.17 |
| ആകെ | 3,00000/- |

1. ഈ പദ്ധതിയിൽ കണിയാമ്പറ്റ ഗവ. ഹയർസെക്കൻഡറി സ്കൂളിലെ 51 കുട്ടികൾക്ക് യൂണിഫോം തുന്നികൊടുത്ത വകയിൽ 19,980/- രൂപ ചെലവഴിച്ചിട്ടുണ്ട്. ഒരാൺകുട്ടിക്ക് 420/-രൂപ നിരക്കിലും ഒരു പെൺകുട്ടിക്ക് 360/-രൂപ നിരക്കിലുമാണ് തയ്യൽ ചാർജ്ജ് നല്കിയിട്ടുള്ളത്. ജി.ഒ(എം.എസ്.) 04/2016 /തസ്വഭവ തിയ്യതി 11.01.2016 (2016-17 ലെ പദ്ധതി മാർഗ്ഗരേഖയും സബ്സിഡി മാർഗ്ഗരേഖയും) അനുബന്ധം 12 ൽ 2.7(iii) പ്രകാരം പ്രീമെട്രിക് ഹോസ്റ്റലിൽ പഠിക്കുന്ന കുട്ടികൾക്ക് യൂണിഫോം തുന്നൽ ചാർജ്ജ് നൽകേണ്ടതില്ല. എന്നാൽ ഈ വർഷം കൂടോത്തുമ്മൽ പ്രീമെട്രിക് ഹോസ്റ്റലിൽ താമസിച്ച് പഠിച്ചിരുന്ന കണിയാമ്പറ്റ ഗവ. ഹയർ സെക്കൻഡറി സ്കൂളിലെ 8ാം ക്ലാസ്സിലെ 03 വിദ്യാർത്ഥികൾക്കും യൂണിഫോം തുന്നൽ ചാർജ്ജ് (420/- രൂപ നിരക്കിൽ) നല്കിയിട്ടുണ്ട്. ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നമ്പർ 17/16-17/22.06.17 ന് മറുപടി ലഭിച്ചില്ല. പദ്ധതി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി ചെലവഴിച്ച 1,260/-രൂപ തിരികെ ഈടാക്കേണ്ടതാണ്.

2. ഈ പദ്ധതിയിൽ 2015-16 ലെ ഉന്നൽ ചാർജ്ജ് കുടിശ്ശികയായി 7,980/-രൂപ നടയവയൽ സെന്റ്തോമസ്സ് എൽ.പി സ്കൂളിനും 44,000/- രൂപ നടയവയൽ ഹയർസെക്കൻഡറി സ്കൂളിനും നല്കിയിട്ടുണ്ട്. എന്നാൽ 2016-17 ലെ പദ്ധതിയിൽ ഇതിന് തുക വകയിരുത്തിയിട്ടില്ല. അംഗീകരിച്ച പ്രോജക്ടിന് വിരുദ്ധമായാണ് തുക ചെലവഴിച്ചത്. മുൻ വർഷം ഈ സ്കൂളുകൾക്ക് ഈയിനത്തിൽ തുക നൽതകിയതിന്റെ വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കിയതുമില്ല. ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നമ്പർ 17/16-17/22.06.17 ന് മറുപടി ലഭിച്ചില്ല. ആയതിനാൽ ഈയിനത്തിൽ ചെലവഴിച്ച 51,980/- രൂപ ഓഡിറ്റ് നിരാകരിക്കുന്നു.

## 3-2 കന്നുകുട്ടി പരിപാലന പദ്ധതി-പദ്ധതി മാർഗ്ഗരേഖയ്ക്ക് അനുസൃതമല്ലാതെ ഗുണഭോക്താക്കളെ തിരഞ്ഞെടുത്തു.

| | |
|---|---|
| പ്രോജക്ട് നം.68/16-17 | കന്നുകുട്ടി പരിപാലന പദ്ധതി |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വെറ്ററിനറി സർജൻ |
| അടങ്കൽ | 1. വികസന ഫണ്ട്-3,42,500/-<br>2. സംസ്ഥാന വിഹിതം-3,12,500/-<br>3. മറ്റുള്ളവ- 6,25,000/-<br>ആകെ- 12,80,000/-<br>ചെലവ്- 3,42,500/- |
| ബിൽ നം. | 1)വി.എച്ച് -04/16-17 -3,12,500/- തിയ്യതി 28.01.17<br>2) വി.എച്ച് 12/16-17 -30,000/- തിയ്യതി 16.03.17<br>ആകെ-3,42,500/- |

ഭരണസമിതിയുടെ 29.11.2016 ലെ 01/2016(9) തീരുമാന പ്രകാരം 273 ഗുണഭോക്താക്കളുടെ ലിസ്റ്റാണ് (പഞ്ചായത്ത് തല ലിസ്റ്റല്ല വാർഡ് തിരിച്ചുള്ള ലിസ്റ്റ്) നിർവ്വഹണഉദ്യോഗസ്ഥന് നല്കിയിട്ടുള്ളതെങ്കിലും 50 ഗുണഭോക്താക്കൾക്കാണ് ആനുകൂല്യം നല്കിയിട്ടുള്ളത്. ജി.ഒ.(എം.എസ്) 04/2016/തസ്വഭവ തിയ്യതി 11.01.2016 (2016-17 ലെ പദ്ധതി മാർഗ്ഗരേഖയും സബ്സിഡി മാർഗ്ഗരേഖയും) അനുബന്ധം 15 ഖണ്ഡിക 7.18പ്രകാരം വ്യാപകമായ പ്രചാരണം നടത്തി അപേക്ഷ ക്ഷണിച്ച് വർക്കിംഗ് ഗ്രൂപ്പ് അർഹത മാനദണ്ഡങ്ങൾക്കനുസരിച്ച് ഗുണഭോക്താക്കളുടെ കരട് മുൻഗണനാലിസ്റ്റ് തയ്യാറാക്കേണ്ടതും ആയത് നിർവ്വഹണഉദ്യോഗസ്ഥൻ സ്ഥല പരിശോധന നടത്തി സാക്ഷ്യപ്പെടുത്തി കരട് ലിസ്റ്റ് വാർഡ് വികസനസമിതി വഴി അയൽസഭയ്ക്ക് നല്കി.

അയൽസഭ ശുപാർശ സഹിതം കരട് മുൻഗണനാലിസ്റ്റ് ഗ്രാമസഭയുടെ പരിഗണനയ്ക്ക് നൽകി. ഗ്രാമസഭ ചർച്ച ചെയ്ത് അന്തിമ ലിസ്റ്റ് അംഗീകരിക്കേണ്ടതും ആയത് ക്രമം തെറ്റാതെ ഭരണസമിതി അംഗീകരിക്കേണ്ട തുമാണ്. ഈ ലിസ്റ്റ് ഗ്രാമപഞ്ചായത്തിന്റെ നോട്ടീസ് ബോർഡിലും വെബ്സൈറ്റിലും പ്രസിദ്ധീകരിക്കേണ്ടതുമാണ്. വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കാത്ത ലിസ്റ്റിന് സാധുത ഉണ്ടായിരിക്കുന്നതുമല്ല. ഈ ലിസ്റ്റിൽ വരുത്തുന്ന ഏതൊരു മാറ്റവും ഗ്രമസഭയുടെ അംഗീകാരത്തോടെയുമായിരിക്കണം. എന്നാൽ മൃഗസംരക്ഷണവും ക്ഷീരവികസനവും വർക്കിംഗ് ഗ്രൂപ്പ് മിനിട്സ് പരിശോധിച്ചതിൽ, ഗുണഭോക്താക്കളുടെലിസ്റ്റ് ചർച്ച ചെയ്തതിന്റെയോ കരട് മുൻഗണനാലിസ്റ്റ് അംഗീകരിച്ചതിന്റെയോ യാതൊരു വിവരവും രേഖപ്പെടുത്തിയിട്ടില്ല. തദ്ദേശസ്വയംഭരണവകുപ്പ് അംഗീകരിച്ച കണിയാമ്പറ്റ ഗ്രാമപഞ്ചാ യത്തിന്റെ ഔദ്യോഗിക വെബ്സൈറ്റായ www.lsgkerala.in/kaniyambettapanchayat പരിശോധിച്ചതിൽ 23.06.2017 തിയ്യതി വരെ 2016-17 വർഷത്തെ ഒരു പദ്ധതിയിലെയും ഗുണഭോക്തൃലിസ്റ്റ് പ്രസിദ്ധീകരിച്ചതായി കാണുന്നില്ല. ഈ സൈറ്റിൽ 2014-15, 2015-16 വർഷത്തെ വിവിധ പദ്ധതികളിലെ ഗുണഭോക്തൃലിസ്റ്റ് മാത്രമാണ് പ്രസിദ്ധീകരിച്ചിട്ടുള്ളത്. വിവിധ വാർഡുകളിലെ ഗ്രാമസഭ മിനിട്സ് പരിശോധിച്ചതിൽ ഗുണഭോക്തൃലിസ്റ്റിൽ വരുത്തിയ മാറ്റം ഗ്രാമസഭ അംഗീകരിച്ചതായും കാണുന്നില്ല. ഭരണസമിതി അംഗീകരിച്ച 273 ഗുണഭോക്താക്കളിൽ അർഹരായ 50 ഗുണഭോക്താക്കൾക്കാണ് ആനുകൂല്യം നല്കിയതെന്നാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ വാക്കാൽ അറിയിച്ചിട്ടുള്ളത്. ആയതിനാൽ പദ്ധതി മാർഗ്ഗരേഖയിൽ നിഷ്കർഷിച്ച നടപടിക്രമങ്ങളിലൂടെയല്ല ഗുണഭോക്താക്കളെ തിരഞ്ഞെടുത്തിരിക്കുന്നതെന്നാണ് ഇതിൽനിന്നും മനസ്സിലാകുന്നത്. ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നമ്പർ 19/16-17/22.06.17 ന് മറുപടി ലഭിച്ചില്ല. ആയതിനാൽ ഈയിനത്തിൽ ചെലവഴിച്ച 3,42,500/- രൂപ ഓഡിറ്റ് തടസ്സത്തിൽ വയ്ക്കുന്നു.

## 3-3 മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) രേഖകൾ കൃത്യമായി സൂക്ഷിക്കുകയോ ഓഡിറ്റിന് ഹാജരാക്കുകയോ ചെയ്തില്ല.

1)

| | |
|---|---|
| പ്രോജക്ട് നം. | പെയിൻ & പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ പി.എച്ച്.സി |
| അടങ്കൽ | 8,50,000/-(വികസന ഫണ്ട് ജനറൽ) |
| ബിൽ നം. | 1)1/16-17 തിയ്യതി-28.10.16- 1,52,601/- രൂപ |

| | |
|---|---|
| | 2)2/16-17 തിയ്യതി-14.11.2016 -48,113/- രൂപ<br>3)3/16-17 തിയ്യതി-20.12.2016- 26,232/-രൂപ<br>4)4/16-17 തിയ്യതി- 08.02.2017 89,273/- രൂപ<br>5)5/16-17 -തിയ്യതി-23.02.2017- 64,010/- രൂപ -<br>6)6/16-17 -തിയ്യതി- 14.03.2017 35,164/- രൂപ<br>7)7/16-17 -തിയ്യതി- 23.03.2017 4,07,164/- രൂപ<br>8)9/16-17-തിയ്യതി-27.03.2017 27,443/- രൂപ<br>ആകെ-8,50,000/- |

1. പെയിൻ & പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾക്കായി 04/2016 മുതൽ 07/2016 വരെ വാഹനം വാടകയ്ക്ക് എടുത്ത് ഓടിയ വകയിൽ വാഹന ഉടമ ശ്രീ നൗഫൽ. കെ 22,100/- രൂപയുടെ വൗച്ചറുകളാണ് സമർപ്പിച്ചിട്ടുള്ളതെങ്കിലും 47,600/- രൂപയാണ് ബിൽ നം 1/16-17 - 1,52,601/- രൂപ തിയ്യതി-28.10.16 പ്രകാരം അനുവദിച്ചത്. ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നമ്പർ 16 /16-17/22 .06.17 ന് മറുപടി ലഭിച്ചില്ല. ആയതിനാൽ അധികമായി നല്കിയ 25,500/- രൂപയുടെ ചെലവ് ഓഡിറ്റ് നിരാകരിക്കുന്നു.

2. ക്രമ നം. (5) പ്രകാരം ബാനർ, പന്തൽ, ഭക്ഷണം, സ്റ്റേഷനറി സാധനങ്ങൾ എന്നീ ഇനങ്ങളിലായി യഥാക്രം 600/-, 5,400/-, 24,000/-, 14,010/- രൂപ ചെലവഴിച്ചിട്ടുണ്ട്. വിവിധ ഇനങ്ങളിലായി നടത്തിയ ചെലവുകളിൽ സ്റ്റേഷനറി സാധനങ്ങൾ വാങ്ങിയവ സ്റ്റോക്കിലെടുത്തിട്ടില്ല. എന്ത് പ്രോഗ്രാമാണ് നടത്തിയത് എന്നതു സംബന്ധിച്ച് യാതൊരു രേഖയും ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.(തീരുമാനം, നോട്ടീസ്, പങ്കെടുത്തവരുടെ വിശദാംശം തുടങ്ങിയവ). ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നമ്പർ 16/16-17/22.06.17 ന് മറുപടി ലഭിച്ചില്ല. ആയതിനാൽ ഈയിനത്തിൽ ചെലവഴിച്ച 44,010/-രൂപ ഓഡിറ്റ് തടസ്സത്തിൽ വയ്ക്കുന്നു.

3. ക്രമനം (7) പ്രകാരം കേരള മെഡിക്കൽ സർവീസസ്സ് കോർപ്പറേഷന്റെ പ്രോഫോർമ നം. പി.ആർ.എഫ് 3487 തിയ്യതി 14.03.2017 പ്രകാരം മരുന്ന് ലഭ്യമാക്കുന്നതിലേയ്ക്കായി 3,75,164/-രൂപ ചെക്ക് നം.0867378 തിയ്യതി 27.03.2017 പ്രകാരം നല്കിയെങ്കിലും മരുന്ന് ഇതുവരെ ലഭ്യമാക്കിയിട്ടില്ല. ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നമ്പർ 16 /16-17/22 .06.17 ന് മറുപടി ലഭിച്ചില്ല. ആയതിനാൽ ഈയിനത്തിൽ ചെലവഴിച്ച 3,75,164/-രൂപ ഓഡിറ്റ് തടസ്സത്തിൽ വയ്ക്കുന്നു.

4. ക്രമനം (7) പ്രകാരം റിഫ്രഷ് കമ്പ്യൂട്ടേഴ്സ് ,കമ്പളക്കാട് എന്ന സ്ഥാപനത്തിൽ നിന്നും

12,000/- രൂപയ്ക്ക് എപ്സൺ മോഡൽ 6380 പ്രിന്റർ വാങ്ങിയിട്ടുണ്ട്. അംഗീകരിച്ച പദ്ധതിയ്ക്ക് വിരുദ്ധമായിട്ടാണ് പ്രിന്റർ വാങ്ങിയത്. ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നമ്പർ 16/16-17/22 .06.17 ന് മറുപടി ലഭിച്ചില്ല. അംഗീകരിച്ച പദ്ധതിയ്ക്ക് വിരുദ്ധമായി പ്രിന്റർ വാങ്ങിയതിനാൽ ഈയിനത്തിൽ ചെലവഴിച്ച 12,000/- രൂപ ഓഡിറ്റ് നിരാകരിക്കുന്നു.

5. മേൽ സൂചന (7) പ്രകാരം സ്റ്റാർ പ്രിന്റേഴ്സ് എന്ന സ്ഥാപനത്തിൽ നിന്നും ഇൻവോയ്സ് നം. 816 തിയ്യതി 25.02.2016 പ്രകാരം 3,000 എണ്ണം നോട്ടീസ് അടിച്ചതിന് 2,000/-രൂപ ചെലവഴിച്ചിട്ടുണ്ട്. ആയത് സ്റ്റോക്കിലെടുത്തതിന്റെയോ വിതരണം ചെയ്തതിന്റെയോ രേഖ ഓഡിറ്റിന് ഹാജരാക്കിയില്ല. കൂടാതെ ക്രമ നം. (7) പ്രകാരം ബാനർ, മൈക്ക്സെറ്റ്, കസേര, ഭക്ഷണം, ഫോട്ടോ, ഹോണറേറിയം, സ്റ്റേഷനറി സാധനങ്ങൾ എന്നിവയ്ക്കായും യഥാക്രമം 700/-, 2300/-, 1350/- 95,00/-, 350/-, 1,500/-, 2,500/- എന്നിങ്ങനെയും തുക ചെലവഴിച്ചിട്ടുണ്ട്. എന്നാൽ എന്ത് പ്രോഗ്രാമാണ് നടത്തിയത് എന്നതു സംബന്ധിച്ച് യാതൊരു രേഖയും ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. (തീരുമാനം, നോട്ടീസ്, പങ്കെടുത്തവരുടെ വിശദാംശം തുടങ്ങിയവ). ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം.16/16-17/ 22.06.17 ന് മറുപടി ലഭിച്ചില്ല. ആയതിനാൽ ഈയിനത്തിൽ ചെലവഴിച്ച 20,200/-രൂപ ഓഡിറ്റ് തടസ്സത്തിൽ വയ്ക്കുന്നു.

2)

| | |
|---|---|
| പ്രോജക്ട് നം. | 30/16-17 ക്യാൻസർ രോഗ നിർണ്ണയ ക്യാമ്പ് |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ പി.എച്ച്.സി |
| അടങ്കൽ | 100,000/-(വികസന ഫണ്ട് ജനറൽ) |
| ബിൽ നം. | 1,00000/- തിയ്യതി-23.03.2017 |

ക്യാൻസർരോഗ നിർണ്ണയ ക്യാമ്പ് നടത്തിയതുമായി ബന്ധപ്പെട്ട യാതൊരു രേഖയും ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. (തീരുമാനം, നോട്ടീസ്, പങ്കെടുത്തവരുടെ വിശദാംശം, നടത്തിയ എജൻസി, ലക്ഷ്യപ്രാപ്തി തുടങ്ങിയവ). ക്യാമ്പ് നടത്തുന്നതിനായി സ്റ്റാർ പ്രിന്റേഴ്സ് എന്ന സ്ഥാപനത്തിൽ നിന്നും ഇൻവോയ്സ് നം. 907 തിയ്യതി 07.03.17 പ്രകാരം വാങ്ങിയ 2,000 എണ്ണം അഡ്മിഷൻ കാർഡ്, ഇൻവോയ്സ് നം. 905 തിയ്യതി 06.03.17 പ്രകാരം വാങ്ങിയ 10,000 എണ്ണം നോട്ടീസ്, ഇൻവോയ്സ് നം. 902 തിയ്യതി 28.02.17 പ്രകാരം വാങ്ങിയ 10,000 എണ്ണം സർവ്വേ ഫോം എന്നിവ സ്റ്റോക്കിലെടുത്തതിന്റെയും വിതരണം ചെയ്തതിന്റെയും രേഖ ഓഡിറ്റിന് ഹാജരാക്കിയില്ല. ഈ പദ്ധതിയിൽ നടത്തിയ വിവരശേഖരണത്തിന് 73,100/-രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ വിവരശേഖരണത്തിൽ നിന്ന് ലഭിച്ച വിവരങ്ങൾ

ക്രോഡീകരിച്ച റിപ്പോർട്ട് ഓഡിറ്റിന് ഹാജരാക്കിയില്ല. ഇത സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നമ്പർ 16/16-17/22.06.17 ന് മറുപടി ലഭിച്ചില്ല. ആയതിനാൽ പദ്ധതിയ്ക്കായി ചെലവഴിച്ച 1,00,000/- രൂപ ഓഡിറ്റ് തടസ്സത്തിൽ വയ്ക്കുന്നു.

3)

| | |
|---|---|
| പ്രോജക്ട് നം. | 31/16-17-പകർച്ച വ്യാധി നിയന്ത്രണ പ്രവർത്തനങ്ങൾ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ പി.എച്ച്.സി |
| അടങ്കൽ | 1)വികസന ഫണ്ട്-ജനറൽ-93,500/-<br><br>2)തനത് ഫണ്ട്- 6,500/- |
| ബിൽ നം. | 10/16-17 93,500/- തിയ്യതി-30.03.2017 |
| ചെക്ക് നം.1905540 | 6,500/- തിയ്യതി 22.02.17 |
| ആകെ | 1,00,000/- |

ഈ പദ്ധതിയിൽ കേരള സംസ്ഥാന വെയർഹൗസിംഗ് കോർപ്പറേഷനിൽ നിന്നും ഇൻവോയ്സ് നം. 105 തിയ്യതി 29.03.2017 പ്രകാരം 50,400/- രൂപയ്ക്ക് 4000 പായ്ക്കറ്റ് എലിവിഷം വാങ്ങിയിട്ടുണ്ടെങ്കിലും ആയത് സ്റ്റോക്കിലെടുത്തതിന്റെയോ വിതരണം ചെയ്തതിന്റെയോ പണം നൽയതിന്റെയോ രേഖ ഓഡിറ്റിന് ലഭ്യമാക്കിയില്ല. ഇത സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നമ്പർ 16/16-17/22 .06.17 ന് മറുപടി ലഭിച്ചില്ല. ആയതിനാൽ ഈയിനത്തിൽ ചെലവഴിച്ച 50,400/-രൂപയുടെ ചെലവ് ഓഡിറ്റ് തടസ്സത്തിൽ വയ്ക്കുന്നു. ഇത കൂടാതെ തനത് ഫണ്ടിൽ നിന്നും ലഭിച്ച 6,500/-രൂപയുടെ ചെലവ് സംബന്ധിച്ച യാതൊരു രേഖയും ഓഡിറ്റിന് ഹാജരാക്കിയില്ല. ആയതിനാൽ ഈയിനത്തിൽ ചെലവഴിച്ച 6,500/-രൂപയുടെ ചെലവ് ഓഡിറ്റ് നിരാകരിക്കുന്നു.

2016-17 വർഷം മെഡിക്കൽ ഓഫീസർ പി.എച്ച്.സി നടപ്പിലാക്കിയ എല്ലാ പദ്ധതികളുടെയും ചെലവുമായി ബന്ധപ്പെട്ട് വൗച്ചറുകൾ മാത്രമേയുള്ളു.പണം നല്കിയതിന്റെ യാതൊരു വിവരവും ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല (ചെക്ക്/ഡി.ഡി നം,കൈപ്പറ്റ് രസീത്, തിയ്യതി). ആയത് ലഭ്യമാക്കേണ്ടതാണ്.

മെഡിക്കൽ ഓഫീസർ നിർവ്വഹിച്ച പ്രോജക്ടുകളിന്മേൽ ആകെ തടസ്സം-5,89,774/-

നിരാകരണം - 44,000/-

## 3-4 ഐ.സി.ഡി.എസ് സൂപ്പർവൈസർ നടപ്പിലാക്കിയ പദ്ധതികളുടെ നടത്തിപ്പിലെ അപാകതകൾ

2016-17 വർഷം ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണം നടത്തിയ പദ്ധതികൾ ഓഡിറ്റിന് വിധേയമാക്കിയതിൽ ചുവടെ പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

1)

| | |
|---|---|
| പ്രോജക്ട് നം. | 04/16-17-പോഷകാഹാര വിതരണപദ്ധതി |
| നിർവ്വഹണ ഉദ്യോഗസ്ഥ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ |
| അടങ്കൽ | 15,00,000/-(വികസന ഫണ്ട് ജനറൽ) |
| ബിൽ നം. | 1)2/ICDSKNBTA/16-17 10,45,217 രൂപ തിയ്യതി-28.01.17<br>2)കേന്ദ്രവിഹിതം-10,32,294/-<br>(ചെക്ക് നം.1538963 തിയ്യതി 08.08.16)<br>3)4/ICDS KNBTA/16-17 4,54,783/-രൂപ തിയ്യതി-20.03.2017<br>ആകെ-25,32,294/- |

2)

| | |
|---|---|
| പ്രോജക്ട് നം. | 54/16-17-പോഷകാഹാര വിതരണപദ്ധതി |
| നിർവ്വഹണ ഉദ്യോഗസ്ഥ | ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| അടങ്കൽ | 1,50,000/-(വികസന ഫണ്ട് എസ്.സി.പി) |
| ബിൽ നം. | 1) 7/ICDSKNBTA/16-17 46,151 രൂപ<br>തിയ്യതി-30.03.17<br>2) 6/ICDSKNBTA/16-17 1,03,849/- രൂപ<br>തിയ്യതി-22.03.17<br>ആകെ-1,50,000/- |

3)

| | |
|---|---|
| പ്രോജക്ട് നം. | 57/16-17-പോഷകാഹാര വിതരണപദ്ധതി |
| നിർവ്വഹണ ഉദ്യോഗസ്ഥ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ |
| അടങ്കൽ | 1500000/-(വികസനഫണ്ട് ടി.എസ്.പി) |

| | |
|---|---|
| ബിൽനം | 1)1/ICDSKNBTA/16-17 8,54,133/- രൂപ തിയ്യതി-31.10.2016<br><br>2)3/ICDSKNBTA/16-17 6,45,867/- രൂപ തിയ്യതി-20.03.17<br><br>ആകെ-15,00000/- |

4)

| | |
|---|---|
| പ്രോജക്ട് നം. | 20/16-17-അങ്കണവാടി ഹെൽപ്പർ-വർക്കർ ഹോണറേറിയം |
| നിർവ്വഹണ ഉദ്യോഗസ്ഥ | ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| അടങ്കൽ | 10,00000/-തനത് ഫണ്ട് |
| ബിൽനം | 1)ചെക്ക് നം.1905501 -9,43,150/- രൂപ<br><br>തിയ്യതി-23.11.2016<br><br>2)ചെക്ക് നം.342265 56,850/- രൂപ<br><br>തിയ്യതി-28.03.17<br><br>ആകെ-10,00000/- |

| | |
|---|---|
| പ്രോജക്ട് നം. | 64/16-17-ശാരീരിക -മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നല്കൽ |
| നിർവ്വഹണ ഉദ്യോഗസ്ഥ | ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| അടങ്കൽ | 4,50,000/-(3,00000/- ജനറൽ, 75,000/- ബ്ലോക്ക്, -75,000/- ജില്ല) |
| ബിൽനം | 1)ബിൽ.നം.5/ICDSKNBTA/16-17 3,00000/-രൂപ തിയ്യതി-22.03.2017<br><br>ആകെ-3,00000/- |

1. ജി.ഒ.(എം.എസ്) 04/2016/ത.സ്വ.ഭ.വ. തിയ്യതി 11.01.2016 (2016-17 ലെ പദ്ധതി മാർഗ്ഗരേഖയും സബ്സിഡി മാർഗ്ഗരേഖയും) ഖണ്ഡിക 9(i)പ്രകാരം അങ്കണവാടി മുഖേന നൽകുന്ന വിവിധ വിഭാഗങ്ങൾക്കുള്ള പോഷകാഹാര വിതരണത്തിന് ആവശ്യമായ തുകയ്ക്ക് ഒറ്റ പ്രോജക്ട് ആണ് തയ്യാറാക്കേണ്ടത്. അങ്കണവാടിയിൽ പഠിക്കുന്ന വിവിധ വിഭാഗത്തിലുള്ള കുട്ടികളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ പൊതു വിഭാഗം, എസ്.സി.പി, ടി.എസ്.പി. ഫണ്ടുകൾ വകയിരുത്തേണ്ടതാണ്. ആയതിന് വിവിധ വിഭാഗം കുട്ടികളുടെ എണ്ണവും ശതമാനവും സംബന്ധിച്ച

സാക്ഷ്യപത്രം അനിവാര്യമായും പ്രോജക്ടിനൊപ്പം സമർപ്പിച്ചിരിക്കണം. എന്നാൽ ഇതിന് വിരുദ്ധമായി വിവിധ വിഭാഗം കുട്ടികൾക്കുള്ള പോഷകാഹാര വിതരണത്തിന് മൂന്ന് പ്രോജക്ടുകളാണ് (ക്രമ നം.1 മുതൽ 3 വരെ) 2016-17 വർഷം നടപ്പിലാക്കിയത്. കൂടാതെ ഈ പദ്ധതികളുമായി ബന്ധപ്പെട്ട വിവിധ വിഭാഗം കുട്ടികളുടെ എണ്ണവും ശതമാനവും സംബന്ധിച്ച സാക്ഷ്യപത്രവും പ്രോജക്ടിനൊപ്പം സമർപ്പിച്ചിട്ടില്ല. പദ്ധതി മാർഗ്ഗരേഖയ്ക്ക് അനുസൃതമല്ലാതെ പ്രൊജക്ട് തയ്യാറാക്കിയതിന് വിശദീകരണം നൽകേണ്ടതാണ്

2. 19.01.2017ലെ ജി.ഒ(ആർ.ടി)159/2017/ത.സ്വ.ഭ.വ. പ്രകാരമാണ് ന്യൂട്രിമിക്സിന്റെ വില വർദ്ധിപ്പിച്ചുവെങ്കിലും സൂചന (1) പ്രകാരമുള്ള പദ്ധതിയിൽ 15.12.2016 നും 13.01.2017 നും വർണ്ണം സ്റ്റാർ ന്യൂട്രിമിക്സ് വിതരണം ചെയ്ത ന്യൂട്രിമിക്സിന് കി.ഗ്രാമിന് 56/- രൂപയ്ക്ക് പകരം 70/- രൂപ നിരക്കിലാണ് വില ഈടാക്കിയിട്ടുള്ളത്. വിശദാംശങ്ങൾ താഴെപ്പറയുന്നു.

| ക്രമനം | ഇൻവോയ്സ് നം/തിയ്യതി /തുക | തൂക്കം (കിഗ്രാം)/ നൽകിയ തുക 70/കി.ഗ്രാം നിരക്കിൽ | കി.ഗ്രാമിന് 14/- രൂപ വീതം അധികം നല്കിയ തുക |
|---|---|---|---|
| 1 | 25/15.12.2016 | 2494.125/1,74,588 | 14*2494.125=34,917.75/- |
| 2 | 27/13.01.2017 | 2494.125/1,74,588 | 14*2494.125=34,917.75/- |
| ആകെ | | | 69,835.5 രൂപ |

അധിക തുക നല്കിയതിന് വിശദീകരണം ലഭ്യമാക്കിയില്ല. വർണ്ണം സ്റ്റാർ ന്യൂട്രിമിക്സ് യൂണിറ്റിന് അധികമായി നല്കിയ 69,836/- രൂപ തിരികെ ഈടാക്കേണ്ടതാണ്.

3. മേൽ സൂചന (3) പദ്ധതിയിൽപ്പെടുത്തി (ബിൽ നം.01/ICDS/KNBTA/16-17 തുക 8,54,133/-) ഇൻവോയ്സ് നം.17തിയ്യതി 10.08.2016 പ്രകാരം 8250 കി.ഗ്രാം നുറുക്ക് ഗോതമ്പ് (33/- രൂപ നിരക്ക്) വിതരണം ചെയ്തതിന് 2,72,250/- രൂപ നല്കിയെങ്കിലും ഐ.സി.ഡി.എസ് സൂപ്പർവൈസറുടെ സ്റ്റോക്ക് രജിസ്റ്ററിൽ 8205 കി.ഗ്രാം നുറുക്ക് ഗോതമ്പ് സ്റ്റോക്കിലെടുത്ത് വിതരണം ചെയ്തതിന്റെ രേഖ മാത്രമേയുള്ളു. ആയതിനാൽ ഈയിനത്തിൽ അധികമായി നല്കിയ 1,485/- രൂപ (45 കി.ഗ്രാം 33 രൂപ)തിരികെ ഈടാക്കേണ്ടതാണ്.

4. ജി.ഒ.(ആർ.ടി) 883/2011/തസ്വഭവ തിയ്യതി 26.03.2011 പ്രകാരം പ്രീസ്കൂൾ കുട്ടികൾക്ക് സപ്ളിമെന്ററി ഫീഡിംഗും ഉച്ചഭക്ഷണവും പാചകം ചെയ്ത് നല്കുന്നതിന് ഗുണഭോക്താവ് ഒന്നിന് വിറക് ,പച്ചക്കറി എന്നിവയുടെ വിലയായി രണ്ട് രൂപ അനുവദിക്കാവുന്നതിനാണ് (ഒരു രൂപ വിറക്, ഒരു രൂപ പച്ചക്കറി). ഗ്യാസ്സ്

ഉപയോഗിക്കുന്ന കാലയളവിലേക്ക് പ്രത്യേക തുക അനുവദിക്കേണ്ടതില്ല.എന്നാൽ 2016-17 വർഷം വിവിധ അങ്കണവാടികളിൽ പ്രീസ്കൂൾ കുട്ടികൾ,കൗമാരക്കാരായ പെൺകുട്ടികൾ,മുലയൂട്ടുന്ന അമ്മമാർ എന്നിവർക്കായി ഭക്ഷണം പാചകം ചെയ്തു നല്കിയ വകയിൽ താഴെപ്പറയും പ്രകാരം തുക നല്കിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെപ്പറയുന്നു.

4)

| ക്രമ നം. | മാസം | നല്കിയതുക |
|---|---|---|
| 1 | 4/2016 | 8106 |
| 2 | 5/2016 | 6531 |
| 3 | 6/2016 | 7575 |
| 4 | 7/2016 | 5776 |
| 5 | 8/2016 | 6976 |
| 6 | 9/2016 | 5640 |
| 7 | 10/2016 | 7554 |
| 8 | 11/2016 | 8785 |
| 9 | 03/2017 | 8667 |
| ആകെ | | 65,610/- രൂപ |

കൗമാരക്കാരായ പെൺകുട്ടികൾ,മുലയൂട്ടുന്ന അമ്മമാർ എന്നിവർക്ക് ഭക്ഷണം പാചകം ചെയ്തു വകയിൽ തുക ചെലവഴിച്ചതിന് വിശദീകരണം നൽകേണ്ടതാണ്.

5. ഭക്ഷണ സാധനങ്ങൾ എത്തിക്കുന്നതിന് കടത്തുകൂലി നല്കിയതുമായി ബന്ധപ്പെട്ട്

1) 2016-17 വർഷം വിവിധ അങ്കണവാടികളിലേക്ക് ഭക്ഷണ സാധനങ്ങൾ എത്തിക്കുന്നതിന് കടത്തുകൂലി നിശ്ചയിച്ചതുമായി ബന്ധപ്പെട്ട ക്വട്ടേഷൻ നടപടി ക്രമങ്ങൾ,തീരുമാനം എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കിയില്ല.ആയത് ലഭ്യമാക്കേണ്ടതാണ്.

2) സൂചന (2) പ്രകാരമുള്ള പദ്ധതിയിൽ (ബിൽ നം 7/ICDSKNBTA/16-17 -46,151 രൂപ) 6/2016,11/2016,2/2017 മാസങ്ങളിൽ അരി എത്തിച്ചതിന് കടത്തുകൂലിയായി സെന്റ്മേരീസ് ട്രാൻസ്പോർട്ടേഴ്സ്,കൽപ്പറ്റ എന്ന സ്ഥാപനത്തിന് താഴെപ്പറയും പ്രകാരം തുക നല്കിയിട്ടുണ്ട്.

| ക്രമനം | ഇൻവോയ്സ് നം | കി.ഗ്രാം/തുക |
|---|---|---|
| 1 | 84 തിയ്യതി 15.02.2017 | 200 - 238/- |
| 2 | 78 തിയ്യതി --- | 1665@ 1.75/kg-3163/- |
| 3 | 79 തിയ്യതി --- | 1000 @ 1.75/kg-1750/- |
| ആകെ | | 5151/-രൂപ |

ഐ.സി.ഡി.എസ്. സൂപ്പർവൈസറുടെ സ്റ്റോക്ക് രജിസ്റ്ററിൽ 6/2016, 11/2016, 2/2017 എന്നീ മാസങ്ങളിൽ 2865 കി.ഗ്രാം അരി സ്റ്റോക്കിലെടുത്തിട്ടിലെങ്കിലും ഈ മാസങ്ങളിൽ അരി എത്തിച്ചതിന് കടത്തുകൂലിയായി സെന്റ്മേരീസ് ട്രാൻസ്പോർട്ടേഴ്സ്, കൽപ്പറ്റ എന്ന സ്ഥാപനത്തിന് 5151/-രൂപ നല്കിയിട്ടുണ്ട്.ഇതു സംബന്ധിച്ച് മറുപടി ലഭിച്ചില്ല. ആയതിനാൽ അധികമായി നല്കിയ 5151/-രൂപ തിരികെ ഈടാക്കേണ്ടതാണ്. ഈ പദ്ധതിയിൽ ലഭിച്ച 2865 കി.ഗ്രാം. അരിയുടെ സ്റ്റോക്ക്, വിനിയോഗം എന്നിവ അറിയിക്കേണ്ടതാണ്.

6. അങ്കണവാടി ഹെൽപ്പർമാർക്കും -വർക്കർമാർക്കും ഹോണറേറിയം കുടിശ്ശിക നല്കിയതു പരിശോധിക്കുന്നതിനായി 2015-16 വർഷം തുക ചെലവഴിച്ചതിന്റെ വിശദാംശങ്ങൾ ഓഡിറ്റിന് നല്കിയില്ല.ആയതിനാൽ ഈയിനത്തിൽ ചെലവഴിച്ച 10,00,000/- രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു.
7. ശാരീരിക -മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നല്കിയതുമായി ബന്ധപ്പെട്ട് ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് പണം നല്കിയതിന്റെ വിവരം ലഭ്യമാക്കിയില്ല.ആയതിനാൽ ഈയിനത്തിൽ ചെലവഴിച്ച 3,00,000/- രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു.

നിരാകരണം -76,472/-

തടസ്സം -13,00,000/-

## 3-5 ഗവ:ഹോമിയോ ഡിസ്പെൻസറിയിലേക്കുള്ള മരുന്ന് വാങ്ങുന്നതിന് പണം നൽകി - ആറുമാസത്തിലധികമായിട്ടും മരുന്ന് ലഭ്യമായില്ല.

2016-17 വർഷം മെഡിക്കൽ ഓഫീസർ (ഹോമിയോ) നിർവ്വഹണം നടത്തിയ പദ്ധതികൾ ഓഡിറ്റിന് വിധേയമാക്കിയതിൽ ചുവടെ പറയുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ ശ്രദ്ധയിൽപ്പെടുത്തുന്നു.

| | |
|---|---|
| പ്രോജക്ട് നം | 38/16-17 |
| പ്രോജക്ടിന്റെ പേര് | ഗവ:ഹോമിയോ ഡിസ്പെൻസറിയിലേയ്ക്ക് മരുന്ന് വാങ്ങൽ |
| ഫണ്ടിനം | മെയിന്റനൻസ് ഗ്രാന്റ് (നോൺറോഡ്) |
| അടങ്കൽ | 2,00,000/- |
| ചെലവ് | 2,00,000/- |
| ൽനം/തീയതി | 01/2016-17 തീയതി 23.12.2016 തുക 2,00000/-രൂപ |
| ഡി.ഡിനം./തീയതി/ | 012782 തീയതി 23.12.2016 |

2016-17 ൽ മെഡിക്കൽ ഓഫീസർ (ഹോമിയോ), മരുന്ന് വാങ്ങൽ പദ്ധതിയ്ക്കായി 2,00,000/- രൂപ ട്രഷറിയിൽ നിന്നും പിൻവലിച്ച് മേൽ പ്രതിപാദിച്ച ഡി.ഡി. പ്രകാരം മാനേജിംഗ് ഡയറക്ടർ, ഹോംകോ, ആലപ്പുഴ എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. എന്നാൽ മരുന്നുകൾ ഇതുവരെ ലഭ്യമാക്കിയിട്ടില്ല. കൂടാതെ 27.08.2016 ലെ 06/16-17 നമ്പർ ഭരണസമിതി തീരുമാനപ്രകാരം ഈ പദ്ധതിയ്ക്ക് ഭരണാനുമതി നല്കുകയും 23.12.2016 ന് പണം ട്രഷറിയിൽ നിന്ന് പിൻവലിക്കുകയും ചെയ്തുവെങ്കിലും മെഡിക്കൽ ഓഫീസർ (ഹോമിയോ), പദ്ധതിയിൽ വാങ്ങാൻ ഉദ്ദേശിക്കുന്ന മരുന്നുകൾ ഹോമിയോ ജില്ലാ ആശുപത്രിയിൽ ലഭ്യമാണോ എന്ന് അന്വേഷിക്കുന്നത് 17.01.2017 ന് മാത്രമാണ് (കത്ത് നം.73/2017/ജി.എച്ച്.ഡി.കെ. തിയ്യതി 17.01.2017). ഇവ ലഭ്യമല്ലായെന്നുള്ള ജില്ലാ മെഡിക്കൽ ഓഫീസറുടെ (ഹോമിയോ) നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് ലഭ്യമാകുന്നത് 30.01.2017 ന് മാത്രമാണ്. ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നമ്പർ - 01/16-17/15.06.2017 ന് മറുപടിയായി മരുന്ന് ഉടൻ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്നും ഭാവിയിൽ യഥാസമയം ജില്ലാ മെഡിക്കൽ ഓഫീസറുടെ (ഹോമിയോ) നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് വാങ്ങി മാത്രമേ മരുന്ന് വാങ്ങുകയുള്ളുവെന്നും മെഡിക്കൽ ഓഫീസർ അറിയിച്ചിട്ടുണ്ട്. മരുന്ന് ഇതുവരെ ലഭ്യമാകാത്തതിനാൽ ആയതിന് ചെലവഴിച്ച 2,00,000/- രൂപ ഓഡിറ്റ് തടസ്സത്തിൽ വെയ്ക്കുന്നു.

## 3-6 തൊഴിൽ പരിശീലന കേന്ദ്രങ്ങൾക്ക് ഫർണ്ണീച്ചർ വാങ്ങിയത് സംബന്ധിച്ച്:

2016-17 സാമ്പത്തിക വർഷത്തിൽ കനാൽ പ്രദേശം വനിതാ തൊഴിൽ പരിശീലനകേന്ദ്രത്തിലേക്ക് ഫർണ്ണീച്ചർ വാങ്ങി സെക്രട്ടറി വിതരണം ചെയ്തിട്ടുണ്ട്. ഇതിന്റെ വിവരം താഴെ കൊടുക്കുന്നു.

| | |
|---|---|
| പ്രോജക്റ്റ് നം | എസ്. 259/17 |
| പ്രോജക്റ്റിന്റെ പേര് | കനാൽ പ്രദേശം വനിത തൊഴിൽ പരിശീലന കേന്ദ്രത്തിലേക്ക് ഫർണ്ണീച്ചർ വാങ്ങൽ |
| അടങ്കൽ | 1,20,000 |
| ചെലവ് | 1,19,575 |
| ബിൽ നം. | 36/16-17/25.03.2017 |

വാങ്ങിയ സാധനങ്ങളുടെ വിവരം

| | |
|---|---|
| തയ്യൽ മെഷീൻ | 5എണ്ണം |
| കസേര | 15എണ്ണം |
| മേശ | 1 |
| അലമാര | 2 എണ്ണം |
| കട്ടിങ്ങ് ടേബിൾ | 1 |
| ഫൈബർ സ്റ്റൂൾ | 20 എണ്ണം |

21.06.2017 ലെ സ്ഥലപരിശോധനയിൽ കനാൽ പ്രദേശം തൊഴിൽ പരിശീലന കേന്ദ്രത്തിന്റെ കെട്ടിടം പണി പൂർത്തീകരിച്ചിട്ടില്ല. വാങ്ങിയ സാധനങ്ങൾ കനാൽ പ്രദേശം അങ്കണവാടിയിൽ സൂക്ഷിച്ചിട്ടുണ്ട്. പണിപൂർത്തീകരിക്കാത്ത കെട്ടിടത്തിൽ, ഭാവിയിൽ ആരംഭിക്കാനിരിക്കുന്ന പരിശീലന കേന്ദ്രത്തിനായി ഫർണ്ണീച്ചർ വാങ്ങി ഉപയോഗപ്രദ മാക്കാതെ സൂക്ഷിച്ചിരിക്കുന്നത് വിശദീകരിച്ചിട്ടില്ല. ചെലവ് തുക

1,19,575/- രൂപ തടസ്സപ്പെടുത്തുന്നു.

## 3-7 സമ്പൂർണ്ണ ശുചിത്വ യജ്ഞം പദ്ധതി പ്രകാരം തുക ലഭിച്ചവർക്കും ഒ.ഡി.എഫ്. പദ്ധതി വഴി ആനുകൂല്യം നൽകി.

സമ്പൂർണ്ണ ശുചിത്വ യജ്ഞത്തിന്റെ ഭാഗമായി ഗ്രാമപഞ്ചായത്തിൽ 2007-08 മുതൽ വ്യക്തികൾക്ക് സാനിറ്റേഷൻ കക്കൂസ് നിർമ്മിക്കുന്നതിനായി തുക അനുവദിക്കുന്നുണ്ട്. 2016-17 ൽ മേൽ പദ്ധതിയെ സ്വച്ഛ് ഭാരത് മിഷനുമായി ഏകോപിപ്പിച്ച് വെളിയിട മലവിസർജ്ജന വിമുക്ത പദ്ധതി (Open Defication Free Campaign-ODF) യായി നടപ്പാക്കുകയും കണിയാമ്പറ്റ ഗ്രാമപഞ്ചായത്തിനെ ഒ.ഡി.എഫ് പഞ്ചായത്തായി പ്രഖ്യാപിക്കുകയും ചെയ്തു. ഒ.ഡി.എഫ്. പദ്ധതി നടപ്പാക്കുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥനായ ഗ്രാമപഞ്ചായത്ത് സെക്രട്ടറി, നിർവ്വഹണ ഏജൻസിയായി നിശ്ചയിച്ച കണിയാമ്പറ്റ ഗ്രാമപഞ്ചായത്ത് ജലനിധിക്ക് തുക കൈമാറി. പദ്ധതി സംബന്ധിച്ച വിവരം താഴെ കൊടുക്കുന്നു.

| | |
|---|---|
| പ്രോജക്ട് നം | 207/17 |
| പ്രോജക്ടിന്റെ പേര് | ഓപ്പൺ ഡെഫിക്കേഷൻ ഫ്രീ-ക്യാമ്പയിൻ ശൗചാലയങ്ങൾക്ക് തുക നൽകൽ |
| അടങ്കൽ | 39,11,832/-(ധനകാര്യ കമ്മീഷൻ ഗ്രാന്റ്) |
| ചെലവ് | 35,28,400/- |
| ബിൽ നം. തീയതി | 27/16-17/23.02.2017 – 4,55,600/-<br>15/16-17/30.11.2016 – 11,01,000/-<br>16/16-17/23.12.2016 – 19,71,800/- |

മേൽ പദ്ധതി പ്രകാരം പൊതു വിഭാഗത്തിൽ 257, പട്ടികജാതി-16, പട്ടികവർഗ്ഗ വിഭാഗത്തിൽ 374 എന്നീ ക്രമത്തിൽ ഭരണസമിതി അംഗീകരിച്ച ഗുണഭോക്തൃലിസ്റ്റ് ജലനിധിക്ക് കൈമാറുകയും ജലനിധിയുമായി ഗുണഭോക്താക്കൾ കരാറിൽ ഏർപ്പെടുകയും ചെയ്തു.

രേഖകളുടെ പരിശോധനയിൽ, സമ്പൂർണ്ണ ശുചിത്വ കാമ്പയിൻ മുഖേന തുക അനുവദിച്ച ഗുണഭോക്താക്കൾക്ക് തന്നെ ഒ.ഡി.എഫ്. മുഖേനയും തുക അനുവദിച്ചു. വിശദ വിവരം താഴെ കൊടുക്കുന്നു.

| ക്രമ.നം | പേര്/വിലാസം | സമ്പൂർണ്ണ ശുചിത്വ കാമ്പെയിൻ പ്രകാരം | ODF പ്രകാരം തുക അനുവദിച്ചതിന്റെ |
|---|---|---|---|

| | | തുക അനുവദിച്ചതിന്റെ വിവരം | | വിവരം | |
|---|---|---|---|---|---|
| | | ചെക്ക് നം/ തീയ്യതി | തുക | ചെക്ക് നം/തീയ്യതി | തുക |
| 1 | ശ്രീ.ഹൈദ്രോസ് വട്ടപ്പറമ്പൻ കണിയാമ്പറ്റ പി.ഒ വാർഡ്-16 | 9499/6.5.15 | 12000 | 10872/14.11.16 | 15400 |
| 2 | മാര ചെമ്പൻ ചോമാടി വീട് കരണി- പി.ഒ,വാർഡ്-8 | 2983/10.6.13 | 2500 | 10675/31.10.16<br>10837/11.11.16 | 32000 |
| 3 | സരോജിനി അമ്മ പുളിക്കൽക്കുന്ന് കമ്പളക്കാട്,വാർഡ്-11 | 597651/20.4.12 | 2500 | 22325/26.10.16 | 15400 |
| 4 | ശാന്ത രാജൻ ചെരളമ്പം കോളനി കാര്യമ്പാടി പി.ഒ | 29000/21.6.10 | 2500 | 10528/25.10.16<br>10819/10.11.16 | 32000 |
| 5 | സുലേഖ ചോലയിൽ നെല്ലിയമ്പം കായക്കുന്ന്,വാർഡ്-1 | 289474/3.2.10 | 2500 | 22127/15.10.16 | 15400 |
| 6 | രാജൻ വെളുത്ത ചെരളമ്പം കോളനി കാര്യമ്പാടി, വാർഡ്-8 | 289206/5.11.09 | 2500 | 10531/25.10.16<br>10816/10.11.16 | 32000 |
| 7 | സുബൈദ | 289140/26.10.09 | 2500 | 21047/23.8.16 | 15400 |

| | | | | | |
|---|---|---|---|---|---|
| | കുഞ്ഞുമുഹമ്മദ് മൂലവളപ്പിൽ | | | | |
| 8 | ലക്ഷ്മി നല്ലൻ നൽവായിൽ കരണി പി.ഒ, വാർഡ്-7 | 289225/5.11.09 | 2500 | 10574/26.10.16 | 15400 |
| 9 | ബീപാത്തുമ്മ നടവയൽ, വാർഡ്-1 | 289139/26.10.09 | 2500 | 10546/26.10.16 | 15400 |

ഒരേ ഗുണഭോക്താവിന് രണ്ട് പദ്ധതികളിലും തുക അനുവദിച്ച നടപടിക്ക് വിശദീകരണം നൽതിയിട്ടില്ല. ഈ വിഷയത്തിൽ വിശദമായ അനന്തര അന്വേഷണം നടത്തി തെറ്റായി തുക കൈപ്പറ്റിയ സംഗതികളിൽ തുക തിരികെ ഈടാക്കേണ്ടതാണ്.

## 3-8 ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും 2016-17വർഷം ആദായനികുതി ഈടാക്കിയതിൽ കുറവ്.

1961 ലെ ഇൻകം ടാക്സ് ആക്ട് സെക്ഷൻ 192 പ്രകാരം 2016 -17 സാമ്പത്തിക വർഷത്തെ ശമ്പളത്തിൽ നിന്നുള്ള ആദായനികുതി നിശ്ചിത നിരക്കിൽ ഈടാക്കി ഒടുക്കേണ്ടതാണ്. ധനകാര്യ വകുപ്പിന്റെ 10.01.2017 ലെ 01/2017/ധനം സർക്കുലർ പ്രകാരം 2016-17 വർഷത്തെ ആദായനികുതി നിരക്ക്, ശമ്പളത്തിൽ നിന്നുള്ള ടി.ഡി.എസ്, ജീവന ക്കാരുടെ പാൻ വിവരം ശേഖരിക്കൽ എന്നിവ ഡി.ഡി.ഒ യുടെ ചുമതലയാണ്. മാത്രമല്ല സാമ്പത്തിക വർഷാരംഭത്തിൽ ആന്റിസിപ്പേറ്ററി വരുമാന പത്രിക തയ്യാറാക്കി ആകെ അടക്കേണ്ടുന്ന ആദായനികുതി കണക്കാക്കി അതിന്റെ പന്ത്രണ്ടിലൊന്ന് പ്രതിമാസ റിക്കവറി നടത്തേണ്ടതും തുക യഥാസമയം ഒടുക്കേണ്ടതും ഡി.ഡി.ഒ. യുടെ ചുമതലയാണ്. എന്നാൽ 2016-17 വർഷത്തെ ആദായനികുതി അടവ് സംബന്ധിച്ച യാതൊരു രേഖകളും സൂക്ഷിച്ചിട്ടില്ല. ജീവനക്കാരുടെ ശമ്പള വിതരണ അക്വിറ്റൻസ് ആധാരമാക്കിയാണ് വിവരങ്ങൾ ശേഖരിച്ചിട്ടുള്ളത്. ഓഡിറ്റ് നിരീക്ഷണങ്ങൾ താഴെ കൊടുക്കുന്നു.

1. ജീവനക്കാരുടെ 2016-17 ലെ ആന്റിസിപ്പേറ്ററി ഇൻകം കണക്കാക്കി ഇതിൽ നിന്നും പ്രതിമാസ ഗഡുക്കളായി ആദായനികുതി കണക്കാക്കി ഈടാക്കിയിട്ടില്ല. വർഷാവസാനം ഒറ്റ ഗഡുവായി നികുതി ഒടുക്കുകയാണ് ചെയ്തിട്ടുള്ളത്. ഈ തുക ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും റിക്കവറി നടത്താതെ നേരിട്ട് വാങ്ങി അടക്കുകയാണ് ചെയ്തിട്ടുള്ളത്.

2. ആദായനികുതി കണക്കാക്കാൻ വരുമാനത്തിൽ നിന്നും കുറവ് വരുത്തിയ എച്ച്.ബി.എ. പലിശ, മുതൽ, വിവിധതരം ട്യൂഷൻഫീ ക്ലെയിമുകൾ എന്നിവയ്ക്ക് ആധാരമായ രേഖകൾ സ്റ്റേറ്റ്മെന്റുകൾക്ക് ഒപ്പം വെച്ചിട്ടില്ല.
3. ജീവനക്കാരിൽ നിന്നും ആദായ നികുതി കണക്കാക്കിയതിലെ കുറവ് സംബന്ധിച്ച വിവരം താഴെ കൊടുക്കുന്നു.

അക്വിറ്റൻസ് രജിസ്റ്റർ പ്രകാരം കൈപ്പറ്റിയ തുകയും ഇൻകം ടാക്സ് റിട്ടേണിൽ രേഖപ്പെടുത്തിയ തുകയും പൊരുത്തപ്പെടുന്നില്ല. ആകെ വരുമാനം കണക്കാക്കിയതിൽ ലീവ് സറണ്ടർ, ക്ഷാമബത്ത കുടിശ്ശിക എന്നിവ ഉൾപ്പെടുത്തിയിട്ടില്ല. ആദായനികുതി കണക്കാക്കിയതിന്റെ വിവരം താഴെ കൊടുക്കുന്നു.

| | |
|---|---|
| ജീവനക്കാരന്റെ പേര് | ശ്രീ. പി. ഇബ്രാഹിം |
| തസ്തിക | സെക്രട്ടറി |
| നികുതി റിട്ടേൺ പ്രകാരമുള്ള വരുമാനം | 7,22,060 |
| കണക്കാക്കിയ ആദായനികുതി | 30,874 |
| അക്വിറ്റൻസ് രജിസ്റ്റർ പ്രകാരമുള്ള വരുമാനം | 7,92,748 |
| കണക്കാക്കേണ്ടുന്ന ആദായനികുതി | 53,550 |
| സെസ്സ് | 1,607 |
| ആകെ | 55,157 |
| അടച്ചത് | 30,874 |
| ബാക്കി | 24,283 |

2016 ജൂൺ മാസം മുതൽ ഫെബ്രുവരി 2017 വരെ പ്രതിമാസം 2,000/- രൂപ നിരക്കിൽ ശമ്പളത്തിൽ നിന്നും റിക്കവറി നടത്തിയിട്ടുണ്ട്. ഈ തുക സഹിതമാണ് 30,874/- രൂപ ഒടുക്കിയത്. ജീവനക്കാരുടെ ആദായനികുതി റിട്ടേണുകൾ യഥാസമയം പരിശോധനയ്ക്ക് വിധേയമാക്കി അതിനനുസൃതമായി ശമ്പളം വിതരണം ചെയ്യേണ്ടത് സെക്രട്ടറിയാണ്. ആദായനികുതി റിട്ടേണുകൾ പരിശോധിച്ച് കേന്ദ്ര സർക്കാരിലേക്ക് ഒടുക്കാൻ തുക അവശേഷിക്കുന്നുണ്ടെങ്കിൽ ജീവനക്കാരിൽ നിന്നും ഈടാക്കി ഒടുക്കേണ്ടതാണ്.

## 3-9 റോഡ് മെയിൻറനൻസ്ഗ്രാന്റ് മറ്റ്ആവശ്യങ്ങൾക്കായി വിനിയോഗിക്കുന്നു.

പഞ്ചായത്തിന്റെ ചുമതലയിലുള്ള ടാറിംഗ് റോഡുകളുടെ അറ്റകുറ്റപ്പണികൾക്കായാണ് പഞ്ചായത്തിന് ലഭിച്ച റോഡ് മെയിൻറനൻസ് ഗ്രാൻറ് പ്രാഥമികമായും വിനിയോഗിക്കേണ്ടത്. എന്നാൽ ഓഡിറ്റിന് ഹാജരാക്കിയ പദ്ധതി തിരിച്ചുള്ള ചെലവ് കണക്കുകൾ പ്രകാരം റോഡ് മെയിൻറനൻസ് ഗ്രാൻറ് ഉപയോഗിച്ച് തൻവർഷം നടപ്പാക്കിയ പദ്ധതികളിൽ പലതും റോഡ് ടാറിംഗ്, സോളിംഗ്, നടപ്പാത കോൺക്രീറ്റ് തുടങ്ങിയ വർക്കുകളാണ് നടത്തിയിട്ടുള്ളത്. പഞ്ചായത്തിന്റെ പരിധിയിലും, ചുമതലയിലുമുള്ള മുഴുവൻ ടാർ റോഡുകളുടെയും മെയിൻറനൻസിനു ശേഷം തുക അവശേഷിക്കുന്നുവെങ്കിൽ ആയത് സാക്ഷ്യപ്പെടുത്തി പഞ്ചായത്തിന്റെ ഐക്യകണ്ഠേനയുള്ള തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സോളിംഗ്, ടാറിംഗ് തുടങ്ങിയ മറ്റ് വർക്കുകൾ ചെയ്യാവുന്നതാണ്. പഞ്ചായത്തിലെ ടാർ റോഡുകളുടെ മുഴുവൻ അറ്റകുറ്റപ്പണികൾ ചെയ്തതിനുശേഷമാണോ (ഈ റോഡുകളുടെ അറ്റകുറ്റപണികൾ നടത്താനുപയോഗിക്കേണ്ട) മെയിന്റനൻസ് ഗ്രാന്റ് ഉപയോഗിച്ച് പഞ്ചായത്ത് താഴെപ്പറയും പ്രകാരം നടപ്പാത കോൺക്രീറ്റിംഗ്, റോഡ് പാർശ്വസംരക്ഷണം, സോളിംഗ്,റോഡ് ടാറിംഗ്, തുടങ്ങിയ വർക്കുകൾക്കായി ചെലവഴിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കണമെന്നും, ഇത് സംബന്ധിച്ച് (പഞ്ചായത്തിലെ റോഡുകളിൽ അറ്റകുറ്റപ്പണികൾ നടത്തേണ്ടവ ഏതൊക്കെ, അതിനാവശ്യമായ എസ്റ്റിമേറ്റ്, മറ്റ് വിവരങ്ങൾ) അസി.എഞ്ചിനീയർ തയ്യാറാക്കിയ റിപ്പോർട്ട്, പഞ്ചായത്ത് എടുത്ത തീരുമാനങ്ങൾ, മറ്റ് രേഖകൾ എന്നിവ ഓഡിറ്റിന് ലഭ്യമാക്കണമെന്നും അസി. എഞ്ചിനീയറോട് ആവശ്യപ്പെട്ടിരുന്നുവെങ്കിലും ഇത് സംബന്ധിച്ച വിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. തൻവർഷം റോഡ് മെയിന്റനൻസ് ഗ്രാന്റ് ഉപയോഗിച്ച് നടപ്പാക്കിയ ടാറിംഗ് ഇതര വർക്കുകളുടെ വിവരം താഴെകൊടുക്കുന്നു.

| ക്രമ.നം | പ്രോജക്ട് നം/ പേര് | അടങ്കൽ | ബിൽ നം/തീയ്യതി | ചെലവ് തുക |
|---|---|---|---|---|
| 1 | 87/17 കുട്ടക്കൻകുന്ന് നടപ്പാത പുനരുദ്ധാരണം | 150000 | 16/16-17<br>30.01.2017 | 150000 |
| 2 | 92/17 കൊല്ലിവയൽ ഇന്ദിരാഭായി റോഡ് പുനരുദ്ധാരണം | 194644 | 14/16-17<br>22.11.2016 | 194644 |
| 3 | 114/17 കീടക്കാട് പടി റോഡ് സോളിംഗ് | 100000 | 28/16-17<br>10.03.2017 | 100000 |
| 4 | 115/17 പാടിക്കുന്ന് ആലുങ്കൽത്തഴെ പാൽ സൊസൈറ്റി കവല റോഡ് പുനരുദ്ധാരണം | 198161 | 29/16-17<br>10.03.2017 | 198161 |

| | | | | |
|---|---|---|---|---|
| 5 | 123/17 മാനപ്പ റോഡ് ഇടവഴി സൈഡ് കെട്ടി ബാക്കി ഭാഗം കോൺക്രീറ്റ് | 99980 | 05/16-17<br>27.09.2016 | 99980 |
| 6 | 130/17 ചോമാടി അംഗൻവാടി റോഡ് ടാറിംഗ് | 350250 | 33/16-17<br>10.03.2017 | 350250 |
| 7 | 131/17 കടവൻകുന്ന് റോഡ് ടാറിംഗ് | 100000 | 70/16-17<br>31.03.17 | 98707 |
| 8 | 137/17 സനിമാഹാൾകുന്ന് വേങ്ങാട്ടേരി ഡ്റൈനേജ് പുനരുദ്ധാരണം | 123713 | 31/16-17<br>10.03.2017 | 123713 |
| 9 | 139/17 ടെലിഫോൺ എക്സ്ചേഞ്ച് കനാൽറോഡ് പുനരുദ്ധാരണം | 220540 | 25/16-17<br>03.03.2017 | 220540 |
| 10 | 142/17 മാനഞ്ചരി അംഗൻവാടി നടപ്പാത കോൺക്റീറ്റ് | 100000 | 20/16-17<br>03.03.2017 | 100000 |
| 11 | 143/17 അമ്പലക്കുന്ന് ചളിക്കണ്ടം റോഡ് ടാറിംഗ് | 100000 | 52/16-17<br>31.03.2017 | 59343 |
| 12 | 147/17 അമ്പലം കോയക്കുട്ടി റോഡ് സൈഡ് കെട്ട് | 93750 | 67/16-17<br>31.03.2017 | 93750 |
| 13 | 157/17 മോതിരക്കുനി റോഡ് പുനരുദ്ധാരണം | 153780 | 72/16-17<br>31.03.2017 | 151184 |
| 14 | 160/17 കവുംങ്ങുംപിള്ളി ഈച്ചരൻകുട്ടി കാനഞ്ചേരി റോഡ് സൈഡ് കെട്ടി മണ്ണ് ഫില്ലിംഗ് | 200000 | 92/16-17<br>31.03.2017 | 200000 |
| 15 | 161/17 പോക്കർ ഉസ്താദ് റോഡ് കോൺക്റീറ്റ് പൂർത്തീകരണം | 81000 | 24/16-17<br>03.03.2017 | 81000 |
| 16 | 162/17 പച്ചിലക്കാട് മിച്ചഭൂമി റോഡ് കോൺക്റീറ്റ് പൂർത്തീകരണം | 79100 | 93/16-17<br>31.03.2017 | 79100 |
| 17 | 163/17 പച്ചിലക്കാട് കുളം ചിറ റോഡ് പുനരുദ്ധാരണം | 200000 | 60/17-17 | 200000 |

| | | | | |
|---|---|---|---|---|
| | | | 31.03.2017 | |
| 18 | 222/17 ജവഹർ കോളനി രാജേഷ് പടി റോഡ് കോൺക്റീറ്റ് | 100000 | 78/16-17<br>31.03.2017 | 100000 |
| 19 | 231/17 ഹയാത്ത് റോഡ് പുനരുദ്ധാരണം | 150000 | 80/16-17<br>31.03.2017 | 150000 |
| 20 | 232/17 കൊല്ലിവയൽ ഇന്ദിരാഭായ് റോഡ് പുനരുദ്ധാരണം | 100000 | 71/16-17<br>31.03.2017 | 100000 |
| 21 | 224/17 കനാൽപ്റദേശം മാട്ടായി പടി റോഡ് കോൺക്രീറ്റ് | 100000 | 53/16-17<br>31.03.2017 | 52250 |
| | ആകെ | | | 2902622 |

ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.10/16-17/21.6.2017) മറുപടിയായി 'പഞ്ചായത്തിലെ 85% റോഡുകളും അറ്റകുറ്റപ്പണികൾ ചെയ്തിരുന്നുവെന്നും പഞ്ചായത്തിലെ പ്രധാനപ്പെട്ട 7 റോഡുകളുടെ വർക്കുകൾക്ക് വിവധ സ്രോതസ്സുകളിലായി (ജില്ലാപഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, പി.എം.ജി.എസ്.വൈ., ഹാഡ മുതലായവ) ഫണ്ട് വകയിരുത്തി പ്രവൃത്തികൾ പൂർത്തീകരിക്കുകയും /നടത്തിവരുന്നതായും അതിനാലാണ് അനുവദനീയമായ മറ്റ് വർക്കുകൾക്കായി ഫണ്ട് വിനിയോഗിച്ചതെന്നും, ഭാവിയിൽ ഇക്കാര്യത്തിൽ മെയിന്റനൻസ് ഗ്രാന്റ് അർഹതപ്പെട്ട പ്രവൃത്തികൾക്ക് മാത്രമേ വിനിയോഗിക്കുകയുള്ളു എന്നും അസി. എഞ്ചിനീയർ 23.6.17 ന് നല്കിയ മറുപടിയിൽ അറിയിച്ചു. എന്നാൽ പഞ്ചായത്തിലെ എല്ലാ ടാറിംഗ് റോഡുകളുടെയും റിപ്പയർ പൂർത്തീകരിച്ചശേഷമാണ് അനുവദനീയമായ മറ്റ് വർക്കുകൾക്കായി ഫണ്ട് വിനിയോഗിച്ചതെന്ന് അസി.എഞ്ചിനീയർ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

എന്നാൽ ഓഡിറ്റ് വർഷം നടപ്പാക്കിയ ഏതാനം വർക്കുകൾ 20.6.2017, 21.6.2017 നം സ്ഥലപരിശോധന നടത്തിയ സന്ദർഭത്തിൽ താഴെപ്പറയുന്ന ടാറിംഗ് റോഡുകൾ കേടുപാടുകളോടെ തകർന്നു കിടക്കുന്നതായി കണ്ടു.

1. താമരക്കൊല്ലി കോളനി റോഡ്
2. കണിയാമ്പറ്റ - പന്തലാടിക്കുന്ന് റോഡ്
3. കാനഞ്ചേരി - കോളിപ്പറ്റ റോഡ്
4. താഴെ നെല്ലിയമ്പം - പുഞ്ചവയൽ റോഡ്

പഞ്ചായത്തിന്റെ ചുമതലയിലുള്ള മറ്റ് റോഡുകളുടെ സ്ഥിതി ഓഡിറ്റ് സമയപരിധിയിൽ പരിശോധിക്കാനുമായിട്ടില്ല. ഇതിൽ നിന്നും പഞ്ചായത്തിലെ ടാറിംഗ് റോഡുകൾ പലതും റിപ്പയറിംഗ് നടത്താനിരിക്കെ റോഡ് മെയിന്റനൻസ്ഗ്രാന്റ് മറ്റാവശ്യങ്ങൾക്കായി വിനിയോഗിച്ചതായി കാണുന്നു. അപാകതകൾ ഒഴിവാക്കുമെന്നും ഭാവിയിൽ മെയിന്റനൻസ്ഗ്രാന്റ് അർഹതപ്പെട്ട പ്രവൃത്തികൾക്ക് മാത്രമേ വിനിയോഗിക്കുകയുള്ളൂ എന്ന് അസി.എഞ്ചിനീയർ രേഖാമൂലവും പഞ്ചായത്ത് അധികാരികൾ ഓഡിറ്റ് എക്സിറ്റ് മീറ്റിംഗിൽ നേരിലും അറിയിച്ചിട്ടുണ്ട്.

ഈ സാഹചര്യത്തിൽ പഞ്ചായത്തിലെ ടാറിംഗ് റോഡുകൾ റിപ്പയറിംഗ് നടത്താനിരിക്കെ റോഡ് മെയിന്റനൻസ് ഗ്രാന്റ് മറ്റാവശ്യങ്ങൾക്കായി വിനിയോഗിച്ച നടപടി ക്രമവൽക്കരിക്കാനുള്ള നടപടികൾ സ്വീകരിച്ച് ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. അതുവരെ മേൽ പ്രകാരം ചെലവഴിച്ച തുക 29,02,622/-രൂപ ഓഡിറ്റിൽ തടസ്സത്തിൽ വയ്ക്കുന്നു. പഞ്ചായത്തിലെ റോഡുകളുടെ അറ്റകുറ്റ പണികൾ പൂർത്തീകരിച്ചതിന്റെ വിശദമായ റിപ്പോർട്ട് ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 3-10 എസ്റ്റിമേറ്റിൽ നിന്നും വ്യതിചലിച്ച് പ്രവർത്തികൾ നടത്തുന്നു- അധിക ചെലവ് സംബന്ധിച്ച്

പഞ്ചായത്ത് തൻവർഷം ആവിഷ്കരിച്ച പല പദ്ധതികളിലും എസ്റ്റിമേറ്റിൽ നിന്നും വ്യതിചലിച്ച് വർക്കുകൾ നടത്തിയതിനാൽ നിർദ്ദിഷ്ട ദൂരം പ്രവർത്തി ചെയ്യാൻ സാധിക്കാതെ വരികയും പഞ്ചായത്തിന് കൂടുതൽ ഫണ്ട് വിനിയോഗിക്കേണ്ടിവരികയും ചെയ്യുന്നുണ്ട്. വിശദവിവരങ്ങൾ താഴെക്കൊടുക്കുന്നു.

1)

| | |
|---|---|
| പ്രോജക്ട് നം. | 121/17 - വി.കെ.എച്ച്.കുന്ന്-ഷമീർപടി റോഡ് കോൺക്രീറ്റ് |
| അടങ്കൽ തുക | 50000 /- |
| ഭരണാനുമതി നമ്പർ | 105/2016തീയ്യതി 4.8.2016 |
| സാങ്കേതികാനുമതി നമ്പർ | 2016-17/ 38954/23.11.16 |
| എഗ്രിമെന്റ് നമ്പർ | 02/16-17തീയ്യതി 06.1.2017 |
| അളവ് പുസ്തകം നമ്പർ | 131/15-16(പേജുകൾ1-8) |
| ട്രഷറി ബിൽ നമ്പർ | 23/16-17/2.3.2017 42500/- രൂപ, തനത് ഫണ്ട് - 7500/- |

ഈ പദ്ധതി പ്രകാരം 25 മീറ്റർ ദൂരം2.2 മീറ്റർ വീതിയിൽ കോൺക്രീറ്റ് ചെയ്യാനാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയതും ടെണ്ടർ ചെയ്തതും. എന്നാൽ 2.6 മീ. വീതിയിൽ, പ്രവൃത്തി ചെയ്തതിന് തുക അനുവദിച്ചിട്ടുണ്ട്. മാത്രമല്ല, 25 മീറ്ററിനു പകരം 19.9 മീറ്റർ മാത്രമേ

വർക്ക് ചെയ്തിട്ടുമുള്ളൂ. യഥാർഥ എസ്റ്റിമേറ്റ് പ്രകാരം ചെയ്യേണ്ടിയിരുന്നതും തുക അനുവദിക്കാവുന്നതിന്റെയും, അധികച്ചെലവിന്റെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

i) എസ്റ്റിമേറ്റ് ഇനം 2- 1:4:8 കോൺക്രീറ്റ്

എ) എം.ബുക്ക് പ്രകാരം വ്യത്യസ്ത വീതിയിൽ ചെയ്ത

അളവ്, (19.9 മീറ്ററിന്) - 5.25 ഘനമീറ്റർ

ബി) അനുവദിക്കാവുന്നഅളവ് (19.9*2.2*0.1=4.378ഘ.മീ.)

4.378ഘനമീറ്റർ

അധികം (5.25-4.378=0.87) - 0.87ഘനമീറ്റർ

സി) ഘനമീറ്ററിന് 5980/- രൂപ നിരക്കിൽ അധികച്ചെലവ്

(0.87*5980=5203) - 5203/- രൂപ

ii ) എസ്റ്റിമേറ്റ് ഇനം 3 - 1:2:4 കോൺക്രീറ്റ്

എ) എം.ബുക്ക് പ്രകാരം വ്യത്യസ്ത വീതിയിൽ ചെയ്ത

അളവ്, (19.9 മീറ്ററിന്) - 2.58ഘനമീറ്റർ

ബി) അനുവദിക്കാവുന്നഅളവ്(19.9*2.2*0.05=7.02ഘ.മീ.)- 2.19ഘനമീറ്റർ

അധികം ( 2.58-2.19= 0.39 ) - 0.39 ഘനമീറ്റർ

സി) ഘനമീറ്ററിന് 7600/- രൂപ നിരക്കിൽ അധികച്ചെലവ്

(0.39 *7600=2964) -2964/- രൂപ

(ആകെ അധികച്ചെലവ് ( 5203+2964= ) 8167/- രൂപ.)

2)

| | |
|---|---|
| പ്രോജക്ട് നം. | 115/17- ആലുങ്കൽതാഴെ മിൽക്ക് സൊസൈറ്റി കവല റോഡ് റിപ്പയർ |
| അടങ്കൽ തുക | 200,000/-(മെ.ഗ്രാ.) |
| ഭരണാനുമതി നമ്പർ | 120/16/04.8.16 |
| സാങ്കേതികനുമതി നമ്പർ | 38969/16-17 /4.12.16 |
| എഗ്രിമെന്റ് നമ്പർ | 04/16-17തീയ്യതി 06.1.2017 |

| | |
|---|---|
| അളവ് പുസ്തകം നമ്പർ | 179/15-16(പേജുകൾ1-5) |
| ട്രഷറി ബിൽ നമ്പർ | 29/16-17/10.3.2017 198161/- രൂപ |

ഈ പദ്ധതി പ്രകാരം 80മീറ്റർ ദൂരം 2.5 മീറ്റർ വീതിയിൽ കോൺക്രീറ്റ് ചെയ്യാനാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയതും ടെണ്ടർ ചെയ്തതും. എന്നാൽ 2.9 മീ. വീതിയിൽ പ്രവൃത്തി ചെയ്തതിന് തുക അനുവദിച്ചിട്ടുണ്ട്. മാത്രമല്ല, 80 മീറ്ററിനു പകരം 70മീറ്റർ മാത്രമേ വർക്ക് ചെയ്തിട്ടുമുള്ളൂ. യഥാർഥ എസ്റ്റിമേറ്റ് പ്രകാരം ചെയ്യേണ്ടിയിരുന്നതും തുക അനുവദിക്കാവുന്നതിന്റെയും, അധികച്ചെലവിന്റെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

i) എസ്റ്റിമേറ്റ് ഇനം 2- 1:4:8 കോൺക്രീറ്റ്

എ) എം.ബുക്ക് പ്രകാരം വ്യത്യസ്ത വീതിയിൽ ചെയ്ത

അളവ്, (70മീറ്ററിന്) - 20.3 ഘനമീറ്റർ

ബി) അനുവദിക്കാവുന്നഅളവ്(70*2.5*0.1=17.5ഘ.മീ.) - 17.5ഘനമീറ്റർ

അധികം (20.3- 17.5=2.8) - 2.8 ഘനമീറ്റർ

സി) ഘനമീറ്ററിന് 5980/- രൂപ നിരക്കിൽ അധികച്ചെലവ്

(2.3*5980=33308.6) -16744/- രൂപ

ii) എസ്റ്റിമേറ്റ് ഇനം 3 - 1:2:4 കോൺക്രീറ്റ്

എ)എം.ബുക്ക് പ്രകാരം വ്യത്യസ്ത വീതിയിൽ ചെയ്ത

അളവ്, (70മീറ്ററിന്) - 10.15ഘനമീറ്റർ

ബി)അനുവദിക്കാവുന്നഅളവ്(70*2.5*0.05=8.75ഘ.മീ. - 8.75ഘനമീറ്റർ

അധികം (10.15- 8.75=1.4 ) - 1.4ഘനമീറ്റർ

സി) ഘനമീറ്ററിന് 7600/- രൂപ നിരക്കിൽ അധികച്ചെലവ്

(1.4*7600=10640) -10640/- രൂപ

(ആകെ അധികച്ചെലവ് (16744+10640= )27384/- രൂപ.)

എസ്റ്റിമേറ്റിൽ നിന്നുള്ള വ്യതിചലനം കാരണം നിർദ്ദിഷ്ട നീളത്തിലും കുറഞ്ഞ ദൂരമേ പ്രവർത്തി ചെയ്യാനായിട്ടുള്ളൂ.

അപാകതകൾ സംബന്ധിച്ച് വിശദീകരണം നൽകണമെന്നും, എസ്റ്റിമേറ്റിലും അധികരിച്ച് ചെയ്ത അളവിന് അനുവദിച്ച തുക പിന്നീട് തിരികെ ഈടാക്കിയിട്ടുണ്ടെങ്കിൽ അതിന്റെ വിശദ വിവരങ്ങൾ ഓഡിറ്റിന് നൽകണമെന്നും

ഓഡിറ്റ് എൻക്വയറി.നം. 13/16-17/22.06.2017 മുഖേന ആവശ്യപ്പെട്ടിരുന്നുവെങ്കിലും മറുപടിയൊന്നും നല്കിയിട്ടില്ല. ഈ സാഹചര്യത്തിൽ മേൽ പ്രകാരം അധികം ചെലവഴിച്ച തുക ( 8167+27384 =) 35551/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.

## 3-11 ഇ-ടെണ്ടർവർക്കുകൾ-തുകഅനുവദിച്ചതിലെ അപാകതകൾ

താഴെപ്പറയുന്ന വർക്കുകളുടെ ഫയലുകൾ പരിശോധിച്ചതിൽ കരാറുകാരൻ ക്വാട്ട് ചെയ്ത നിരക്കിനേക്കാൾ കൂടിയ നിരക്കിൽ മൂല്യനിർണ്ണയം നടത്തിയതിനാൽ അധികച്ചെലവുണ്ടായിട്ടുണ്ട്. വിശദവിവരം താഴെകൊടുക്കുന്നു.

1) മണ്ഡകമൂല അങ്കണവാടി

| ക്രമ നം. | പ്രവൃത്തിയിനം | ക്വാട്ടഡ് റേറ്റ് | ചെയ്ത അളവ് | അനുവദിക്കാവുന്ന തുക | അനുവദിച്ച നിരക്ക് | അനുവദിച്ച തുക | അധികം |
|---|---|---|---|---|---|---|---|
| 1 | ലാറ്ററൈറ്റ് മേസണറി | 6412.48/ഘ.മീ | 14.73 ഘ.മീ | 94455.83 | 6645.05 | 97881.58 | 3425.75 |
| 2 | പ്ലാസ്റ്ററിംഗ് 1:4 | 219.3600/ച.മീ | 253.90 ച.മീ | 55695.50 | 227.14 | 57670.84 | 1975.34 |
| 3 | പ്ലാസ്റ്ററിംഗ് 1:3 | 291.32/ ച.മീ | 172.2 ച.മീ | 50165.30 | 301.95 | 51995.79 | 1830.49 |
| 4 | വിട്രിഫൈഡ് ടൈൽ വിരിക്കൽ | 1758.76/ച.മീ | 55.88 ച.മീ | 98279.51 | 1822.53 | 101842.97 | 3563.46 |
| 5 | 1:1.5:3 കോൺക്രീറ്റ് | 8359.800/ഘ.മീ | 3.58 ഘ.മീ | 29928.08 | 8663.09 | 31013.86 | 1085.78 |

| | | | | | | | |
|---|---|---|---|---|---|---|---|
| 6 | ഡിസ്റ്റമ്പറിംഗ് | 42.90/ ച.മീ | - | - | - | - | - |
| 7 | പി.വി.സി. ഡോർ | 3647.92/ച.മീ | 2.38 ച.മീ | 8682.05 | 3780.21 | 8996.89 | 314.84 |
| 8 | വാതിൽ/ജനൽ പാളി പിടിപ്പിക്കൽ | 3199.85/ ച.മീ | 9.35 ച.മീ | 29918.60 | 3315.91 | 31003.75 | 1085.15 |
| 9 | സിറാമിക് വാൾ ടൈൽ പിടിപ്പിക്കൽ | 1122.400/ച.മീ | 14.7 ച.മീ | 16499.28 | 1163.36 | 17101.39 | 602.11 |
| 10 | പെയിന്റിംഗ് | 65.15/ ച.മീ | - | - | - | - | - |
| 11 | ഹിൻജസ് | 16.34 എണ്ണം | 20 എണ്ണം | 326.80 | 16.34 | 326.8 | - |
| 12 | വാതിൽ ലാച്ചസ് | 80.85 എണ്ണം | - | - | - | - | - |
| 13 | മൺപണി | 211.76/ ഘ.മീ | 4.14 ഘ.മീ | 876.69 | 219 | 906.66 | 29.97 |
| 14 | ഡിആർ. മേസണറി | 2846.50/ ഘ.മീ | 11.72 ഘ.മീ | 33360.98 | 2949.74 | 34570.95 | 1209.97 |
| 15 | 1:3:6 അനുപാത കോൺക്രീറ്റ് | 6486.754/ ഘ.മീ | 0.345 ഘ.മീ | 2237.93 | 6722.09 | 2319.12 | 81.19 |
| 16 | റീ-ഇൻഫോഴ്സ് മെന്റിനായി കമ്പി | 91.5 കി.ഗ്രാം | 204.7 കി.ഗ്രാം | 18730.05 | 94.69 | 19383.04 | 652.99 |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | | | | |
| 17 | സെന്ററിംഗ് | 568.8/ ച.മീ | 27.6 ച.മീ | 15698.88 | 589.09 | 16258.88 | 560 |
| 18 | വാതിൽ/ജനൽ പാളി പിടിപ്പിക്കുക | 3228.85/ ച.മീ | 3.68 ച.മീ | 11882.17 | 3345.96 | 12313.13 | 430.96 |
| 19 | ഇരുമ്പ് ഡോർ | 598.39 / മീ | 64.34 മീ | 38500.41 | 620.09 | 39896.59 | 1396.18 |
| ആകെ | | | | 505238.06 | | 523482.24 | 18244.18 |

അധികം നല്കിയ തുക 18,244/- രൂപ

2) അരിവാരം അങ്കണവാടി

| ക്രമ നം. | പ്രവൃത്തിയിനം | ക്വാട്ടഡ് റേറ്റ് | ചെയ്ത ക്വാൺ ഡിറ്റി | അനുവദിക്കാവുന്ന തുക | അനുവദിച്ച നിരക്ക് | അനുവദിച്ച തുക | അധികം |
|---|---|---|---|---|---|---|---|
| 1 | ലാറ്ററൈറ്റ് മേസണറി | 5246.08/ഘ.മീ | 13.82 ഘ.മീ | 72500.82 | 6171.86 | 85295 | 12794.18 |
| 2 | പ്ലാസ്റ്ററിംഗ് 1:4 | 193.0600/ച.മീ | 231.11 ച.മീ | 44618.09 | 227.14 | 52495 | 7876.91 |
| 3 | പ്ലാസ്റ്ററിംഗ് 1:3 | 256.65/ ച.മീ | 78.64 ച.മീ | 20182.96 | 301.95 | 23739 | 3557 |
| 4 | വിട്രിഫൈഡ് ടൈൽ വിരിക്കൽ | 1661.72/ച.മീ | 48.91 ച.മീ | 80078.29 | 1954.97 | 94210 | 14132 |
| 5 | വാതിൽ/ജനൽ പാളി പിടിപ്പിക്കുക | - | - | - | - | - | - |
| 6 | വാതിൽ/ജനൽ പാളി പിടിപ്പിക്കുക | 1868.62/ ച.മീ | 6.21 ച.മീ | 11604.13 | 2198.38 | 13651.93 | 2047.8 |

| | | | | | | | |
|---|---|---|---|---|---|---|---|
| 7 | വാതിൽ/ജനൽ പാളി പിടിപ്പിക്കുക | 2818.52/ച.മീ | 8.05 ച.മീ | 22689.09 | 3315.91 | 26711 | 4021.91 |
| 8 | വാതിൽ ഫ്രെയിം പിടിപ്പിക്കുക | 484/ മീ. | 59.22 മീ | 28662.48 | 569.06 | 33699.73 | 5037.25 |
| 9 | ഡിസ്റ്റമ്പറിംഗ് | 38/ ച.മീ | 259.9 ച.മീ | 9876.2 | 44.5 | 11565.55 | 1689.35 |
| 10 | പെയിന്റിംഗ് | 58/ ച.മീ | 24.72 ച.മീ | 1433.76 | 67.44 | 1667 | 233.24 |
| 11 | പി.വി.സി. വാതിൽ | 3213/ ച.മീ | 1.3ച.മീ | 4176.9 | 3780.21 | 4914 | 737.1 |
| 12 | വാതിൽ പിടി | 31/ എണ്ണം | 2 | 62 | 36.71 | 73.42 | 11.42 |
| 13 | മൺപണി | 186/ ഘ.മീ | 51.94 ഘ.മീ | 9660.84 | 219 | 11374 | 1713.16 |
| 14 | 1:4:8 അനുപാത കോൺക്രീറ്റ് | 5083/ ഘ.മീ | 2.7 ഘ.മീ | 13724.1 | 5980.75 | 16148.03 | 2423.93 |
| 15 | 1:1.5:3 അനുപാത കോൺക്രീറ്റ് | 8361/ ഘ.മീ | 29.04 ഘ.മീ | 242803.44 | 9836.81 | 285660.96 | 42857.52 |
| 16 | സെന്ററിംഗ് | 500/ച.മീ | 120.89ച.മീ | 60445 | 589.09 | 71215.09 | 10770.09 |
| 17 | റീഇൻഫോഴ്സ്മെന്റിനായി കമ്പി | 80/ കി.ഗ്രാം | 1430.9കി.ഗ്രാം | 114472 | 94.69 | 135491.92 | 21019.92 |
| Extra 1 | - | - | 10.33 | - | 1163.36 | 12151 | |
| | ആകെ | | | 736988.03 | | 880062 | 130923 |
| | ആകെ ടെണ്ടർ തുകയിൽ പരിമി തപ്പെടുത്തിയത് | | | 736988.03 | | 752366 | 15378 |

അധികം നല്കിയ തുക 15378/- രൂപ

അധികമൂല്യനിർണ്ണയം നടത്തിയതിനാലുണ്ടായ അധികച്ചെലവ് തിരികെ ഈടാക്കിയിട്ടുണ്ടെങ്കിൽ അതിന്റെ വിശദവിവരങ്ങൾ ഓഡിറ്റിന് നൽകണമെന്നും അപാകതകൾ സംബന്ധിച്ച് രേഖകൾ വിശദീകരണം നല്കണമെന്നും ഓഡിറ്റ് എൻക്വയറി.നം. 18/16-17 /23.6.2017 മുഖേന ആവശ്യപ്പെട്ടിരുന്നുവെങ്കിലും മറുപടിയൊന്നും നല്കിയിട്ടില്ല. ഈ സാഹചര്യത്തിൽ അധികം ചെലവഴിച്ച തുക (18244+15378=) 33622/- രൂപ ഓഡിറ്റിൽ അനുവദനീയമല്ലാത്ത ചെലവുകളിൽപ്പെടുത്തുന്നു.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതി പേര്,നം | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ഇല്ല | | | | |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവഹണഏജൻസി | പ്രവർത്തിയുടെ പേര് | വൗച്ചർ/ചെക്ക് നംമ്പർ | മുൻകൂർ നല്കിയതുക | ചെലവഴിച്ചതുക | ചെലവഴ്ക്കാൻ ബാക്കിയുഴള്ളതുക |
|---|---|---|---|---|---|
| ഇല്ല | | | | | |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

--ഇല്ല--

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ച ടയ്ക്കാൻ ബാക്കിയു ണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവ സാനം തിരിച്ച ടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ജൂബിലി ഭവന പദ്ധതി | 1715/ഡി.ബി.1 /ത.സ്വ.ഭ.വ തീയ്യതി 29.01.2014 | 20000000 | 12853383 | 4191952 | 0 | 8661431 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 1803049 |
| തൻവർഷം നിക്ഷേപിച്ച തുക | 0 |
| ആകെ | 1803049 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 1803049 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 0 |

## 4-6 ഓഡിറ്റ് റിക്കവറി

| ഓഡിറ്റ് വർഷം | ഖണ്ഡികനമ്പർ | തുക | രശീത് നമ്പർ/തീയതി |
|---|---|---|---|
| 2015-16 | 2-1 | 1750 | 1160410081-12.05.2016 |
| 2013-14 | 3-2 | 5000 | 11604101316-27.06.2016 |
| 2011-12 | | 1610 | 11604101476-13.07.2016 |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2010-11 | 2-8 | 2013 | 5.1.8(1) | കുടിശ്ശിക പിരിച്ചെടുക്കാൻ നടപടി സ്വീകരിക്കാത്തതിനാൽ കാലഹരണപ്പെട്ടത് സംബന്ധിച്ച് | തീർപ്പാക്കിയിട്ടില്ല. |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 114469731 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 103204866 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 236474 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 5454471 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3 - 1 | | 51980 | ശ്രീ. പൗലോസ്,ഹെഡ് മാസ്റ്റർ |
| 3 – 3 (1)(1) | | 25500 | ഡോഃ എ.ബി. സന്തോഷ് മെഡിക്കൽ ഓഫീസർ പി.എച്ച്.സി. |
| 3 – 3(1)(4) | | 12000 | -ടി- |
| 3 - 3 (3) | | 6500 | -ടി- |

| | | | |
|---|---|---|---|
| 3 - 4 (2) | | 69836 | ശ്രീമതി. പ്രജിന. കെ.കെ. ഐ.സി.ഡി.എസ് സൂപ്പർ വൈസർ |
| 3 - 4 (3) | | 1485 | -ടി- |
| 3 - 10 | | 35551 | ശ്രീ. പ്രശാന്ത്. എൻ.എസ്. അസി. എഞ്ചിനീയർ |
| 3 - 11 | | 33622 | -ടി- |
| ആകെ | | 2,36,474 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3 - 2 | 342500 | ഡോ: പ്രഭാകരൻ പിള്ള, വെറ്ററിനറി സർജ്ജൻ |
| 3 – 3 (1) | 44010 | ഡോ: എ.ബി. സന്തോഷ് മെഡിക്കൽ ഓഫീസർ |

| | | |
|---|---|---|
| (2) | | പി.എച്ച്.സി. |
| 3 – 3 (1) (3) | 375164 | ഡോഃ എ.ബി. സന്തോഷ് മെഡിക്കൽ ഓഫീസർ പി.എച്ച്.സി. |
| 3 – 3 (1) (5) | 20200 | ശ്രീമതി. പ്രജിന. കെ.കെ. ഐ.സി.ഡി.എസ് സൂപ്പർ വൈസർ |
| 3 - 3 (2) (1) | 100000 | -ടി- |
| 3 - 3 (3) | 50400 | -ടി- |
| 3 - 4 (6) | 1000000 | ശ്രീമതി. പ്രജിന. കെ.കെ. ഐ.സി.ഡി.എസ് സൂപ്പർ വൈസർ |

| | | |
|---|---|---|
| 3 - 4 (7) | 300000 | -ടി- |
| 3 - 5 | 200000 | ഡോഃ ജിഷ, മെഡിക്കൽ ഓഫീസർ (ഹോമിയോ) |
| 3 - 6 | 119575 | ശ്രീ. പി. ഇബ്രാഹിം., സെക്രട്ടറി |
| 3 - 9 | 2902622 | ശ്രീ. പ്രശാന്ത്. എൻ.എസ്. അസി. എഞ്ചിനീയർ |
| ആകെ | 5454471 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം.

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3 - 8 | 24283 | ശ്രീ. പി. ഇബ്രാഹിം., സെക്രട്ടറി |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

-ഇല്ല-

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം

മേൽവിലാസങ്ങൾ

| ക്രമ.നം. | പേര്,തസ്തിക | ഔദ്യോഗിക മേൽ വിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|---|
| 1 | ശ്രീ. പൗലോസ്,<br>ഹെഡ് മാസ്റ്റർ | ഹെഡ് മാസ്റ്റർ,<br>ജി.എൽ.പി.എസ് ചീക്കല്ലൂർ | പറയിടത്തിൽ - വീട്<br>എടവക – പി.ഒ.<br>മാനന്തവാടി |
| 2 | ഡോഃ എ.ബി. സന്തോഷ്<br>മെഡിക്കൽ ഓഫീസർ | മെഡിക്കൽ ഓഫീസർ<br>പി.എച്ച്.സി. വരദൂർ | നേഹ<br>വൈത്തിരി - പി.ഒ. |
| 3 | ശ്രീമതി. പ്രജിന. കെ.കെ. ഐ.സി.ഡി.എസ്<br>സൂപ്പർ വൈസർ | ഐ.സി.ഡി.എസ്<br>സൂപ്പർ വൈസർ, കണിയാമ്പറ്റ | വൃന്ദാവൻ<br>പനമരം, പി.ഒ. |
| 4. | ശ്രീ. പ്രശാന്ത്. എൻ.എസ്.<br>അസി. എഞ്ചിനീയർ | അസി. എഞ്ചിനീയർ എൽ.എസ്.ജി.ഡി. | നെല്ലിവയൽ - വീട്<br>കരണി - പി.ഒ. |

# 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ |
|---|---|

| | കത്തിടപാടിന്റെ വിവരം |
|---|---|
| 1996-97 | എൽ.എഫ് (ഡബ്ല്യൂ) പി1/654/08 തീയതി 04.08.09 |
| 1997-98 | എൽ.എഫ്(ഡബ്ല്യൂ) പി3/323/01 തീയതി 22.04.06 |
| 1998-99 | എൽ.എഫ്(ഡബ്ല്യൂ) പി3/22/02തീയതി 09.05.06 |
| 1999-00 | എൽ.എഫ്(ഡബ്ല്യൂ) പി3/61/03 തീയതി 08.05.06 |
| 2000-01 | എൽ.എഫ്(ഡബ്ല്യൂ) പി1/559/04 തീയതി 19.05.06 |
| 2000-01 പ്ലാൻ | എൽ.എഫ്(ഡബ്ല്യൂ) പി3/541/03 തീയതി 3.8.06 |
| 2001-02 പ്ലാൻ | എൽ.എഫ്(ഡബ്ല്യൂ) പി31/399/08 തീയതി 17.11.08 |
| 2002-03 | എൽ.എഫ്(ഡബ്ല്യൂ) പി1/122/09 തീയതി 06.02.2009 |
| 2003-04 | എൽ.എഫ്(ഡബ്ല്യൂ) പി1/123/09 തീയതി 05.02.09 |
| 2004-05 | എൽ.എഫ്(ഡബ്ല്യൂ) പി1/930/10 തീയതി 09.03.10 |
| 2005-06 | എൽ.എഫ്(ഡബ്ല്യൂ) പി1/929/09 തീയതി 09.03.10 |
| 2006-07 | എൽ.എഫ്(ഡബ്ല്യൂ) പി1/965/12 തീയതി 12.07.12 |
| 2007-08 | എൽ.എഫ്(ഡബ്ല്യൂ) പി1/965/12 തീയതി 12.07.12 |
| 2008-09 | എൽ.എഫ്(ഡബ്ല്യൂ) പി1/221/15 തീയതി 10.06.15 |
| 2009-10 | എൽ.എഫ്(ഡബ്ല്യൂ) പി3/511/13 തീയതി 11.09.13 |
| 2010-11 | എൽ.എഫ്(ഡബ്ല്യൂ) പി2/320/15 തീയതി 10.06.15 |
| 2011-12 | കെ.എസ്.എ (ഡബ്ല്യൂ.വൈ.ഡി) പി2/409/15 തീയതി 25.08.15 |
| 2012-13 | കെ.എസ്.എ (ഡബ്യൂ.വൈ.ഡി) പി2-211/15 തീയതി 10.07.15 |
| 2013-14 | കെ.എസ്.എ (ഡബ്ല്യൂ.വൈ.ഡി)പി2-825/15തീയതി 09.03.16 |
| 2014-15 | കെ.എസ്.എ(ഡബ്ല്യൂ.വൈ.ഡി)പി2-459/16തീയതി 22.07.16 |
| 2015-16 | നം.കെ.എസ്.എ.(ഡബ്ല്യൂ.വൈ.ഡി).പി.2/12/17 തീയ്യതി 17.01.2017 |

ഡെപ്യൂട്ടി ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം,വയനാട്

## അനുബന്ധം-1

# ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം.കെ.എസ്.എ.(ഡബ്ല്യൂ.വൈ.ഡി)പി.2/368/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം വയനാട്, കൽപ്പറ്റ. പിൻ -673121

തിയ്യതി : 24.07.2017

Phone- 04936 203672

Email- dowyd.ksad@kerala.gov.in

സാക്ഷ്യപത്രം

1994 ലെ കേരള ലോക്കൽഫണ്ട് വകുപ്പ് നിയമത്തിന്റെ 4-ാം വകുപ്പ് 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും വയനാട് ജില്ലയിലെ കണിയാമ്പറ്റ ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങളിൽ ഒഴികെ എന്റെ അഭിപ്രായത്തിൽ കണിയാമ്പറ്റ ഗ്രാമപഞ്ചായത്തിന്റെ 2016-17 ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം,വയനാട്

AUDIT CERTIFICATE

No. KSA.(WYD)/P2/368/2017.

Kerala State Audit Department

District Audit Office Wayanad, Kalpetta-673121

Phone: 04936-203672

Dated.24.07.2017

Email- dowyd.ksad@kerala.gov.in

CERTIFICATE

Certified that I have examined the Annual Financial Statement of Kaniyambatta Grama Panchayath in Wayanad District for the year ended on 31.03.2017 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayath Raj Act 1994; the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayath Raj institutions.

In my opinion, the financial statements of Kaniyambatta Gramapanchayath for the year 2016-17 except the observations in My audit report properly presents the picture of income and expenditure.

Deputy Director

Kerala Stat Audit Department

District office, Wayanad.